# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത്

## 2014-2015,2015-16 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ് കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി8/1031 /2016

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

തീയതി.14.10.2016

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ് കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് - 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാങ്ങങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്കു് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

കാസറഗോഡ്

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കാസറഗോഡ്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി8/1031/2016 തിയ്യതി- 14-10-2016

<u>കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

<u>(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം</u>

- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ബ്ലോക്ക് പഞ്ചായത്ത്01 -04-2014 മുതൽ 31-08-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും , അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം , കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. കെ.കൃഷ്ണകുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിനു വിനിയോഗിച്ച സമയം : 19-09-2016 മുതൽ 30-09-2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| പേര് | ഉദ്യോഗപ്പേര് |
|---|---|
| രമണൻ. എസ്. | ഓഡിറ്റ് ഓഫീസർ |
| വിനോദ് കുമാർ.സി | അസി. ഓഡിറ്റ് ഓഫീസർ |
| തോമസ്.കെ | അസി. ഓഡിറ്റ് ഓഫീസർ |
| ശിവശങ്കരൻ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എം .കൃഷ്ണൻ | 01-04-14 മുതൽ 31-10-2015വരെ |
| | ശ്രീമതി . ഗൗരി. എം | 19-11-15 മുതൽ 31-03-2016വരെ |
| സെക്രട്ടറി | ജോൺ .പി.വി ( In charge) | 01-04-14 മുതൽ 17-06-2014വരെ |
| | രാധാകൃഷ്ണൻ. സി | 18-06-14 മുതൽ 26 -08-2014വരെ |
| | യു.കെ.സുരേന്ദ്രൻ | 27-08-14 മുതൽ 31-05-2015വരെ |
| | ഗീത .പി.ആർ ( In charge) | 01-06-15 മുതൽ 04-08-2015വരെ |
| | ലക്ഷ്മണൻ.ബി ( In charge) | 05-08-15 മുതൽ 04-10-2015വരെ |
| | പത്മാധരൻ.എൻ | 05-10-15 മുതൽ 12-02-2016വരെ |

| | | |
|---|---|---|
| | ലക്ഷ്മണൻ.ബി ( In charge) | 13-02-16 മുതൽ 17-02-2016വരെ |
| | സുരേഷ് കുമാർ.വി. | 18-02-16 മുതൽ 31-03-2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ (lsgd) | വത്സൻ.പി.പി | 01-04-14 മുതൽ 31-03-2016വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | സജിനിമോൾ. കെ | 01-04-14 മുതൽ 31-03-2016വരെ |
| ശിശുവികസന പദ്ധതി ഓഫീസർ | മേഴ്സി മാത്യു | 01-04-14 മുതൽ 30-01-2015വരെ |
| | സാവിത്രിക്കുട്ടി | 31-01-15 മുതൽ 29-04-2015വരെ |
| | ബേബി.പി | 30-04-15 മുതൽ 28-06-2015വരെ |
| | സുമ. ടി.എസ് | 29-06-15മുതൽ 31-03-2016വരെ |
| പട്ടികജാതി വികസന ഓഫീസർ | സുകുമാരൻ.സി | 01-04-14 മുതൽ 01-11-2014വരെ |
| | പവിത്രൻ.വി (I/C) | 02-11-14 മുതൽ 3-12-2014വരെ |
| | ദയാനന്ദ.കെ | 04-12-14 മുതൽ 13-08-2015വരെ |
| | പവിത്രൻ.വി (I/C) | 14-08-15 മുതൽ 24-08-2015വരെ |
| | ദയാനന്ദ.കെ | 25-08-15 മുതൽ 31-03-2016വരെ |

| | | |
|---|---|---|
| | | |
| ക്ഷീരവികസന ഓഫീസർ | ആയിഷ.സി.എച്ച്. | 01-04-14 മുതൽ 22-12-2014വരെ |
| | സിറാജ്ജുദ്ദീൻ.പി.എച്ച് (I/C) | 23-12-14 മുതൽ 20-02-2015വരെ |
| | ആയിഷ.സി.എച്ച്. | 21-02-15 മുതൽ 28-09-2015വരെ |
| | എം.വി.രജീഷ് കുമാർ (I/C) | 29-09-15 മുതൽ 30-11-2015വരെ |
| | സിറാജ്ജുദ്ദീൻ.പി.എച്ച് (I/C) | 01-12-15 മുതൽ 31-03-2016വരെ |
| വ്യവസായ<br><br>വികസന ഓഫീസർ | ഒ.വി.ശ്രീനിവാസൻ ( In charge) | 01-04-14 മുതൽ 06-05-2014വരെ |
| | ചന്ദ്രൻ.കെ.കെ (I/C) | 07-05-14 മുതൽ 31-05-2014വരെ |
| | സുബൈദ.കെ (I/C) | 01-06-14 മുതൽ 30-06-2014വരെ |
| | ഷിജു.പി.ആർ | 01-07-14 മുതൽ 30-08-2014വരെ |
| | റോഷ്ന അലിക്കുഞ്ഞ് (I/C) | 31-08-14 മുതൽ 09-10-2014വരെ |
| | രമേശൻ.വി.വി (I/C) | 10-10-14 മുതൽ 30-01-2015വരെ |
| | റോഷ്ന അലിക്കുഞ്ഞ് (I/C) | 31-01-15 മുതൽ 22-08-2015വരെ |
| | അരുൺ രാജ് (I/C) | 23-08-15 മുതൽ |

| | | |
|---|---|---|
| | | 06-12-2015വരെ |
| | ഉഷാദേവി (I/C) | 07-12-15 മുതൽ 31-12-2015വരെ |
| | അരുൺ രാജ് (I/C) | 01-01-16 മുതൽ 31-03-2016വരെ |
| M O അലോപ്പതി (CHC) പെരിയ | ഡോ.ഈശ്വര നായ്ക്.കെ.കെ | 01-04-14 മുതൽ 24-09-2014വരെ |
| | ഡോ.അഭിലാഷ്.വി ( In charge) | 25-09-14 മുതൽ 13-10-2015വരെ |
| | ഡോ.ഗോവിന്ദരാജ്.കെ.പി. ( I/C) | 14-10-15 മുതൽ 09-12-2015വരെ |
| | ഡോ. ശ്രീജിത്ത് കൃഷ്ണൻ | 10-12-15 മുതൽ 31-03-2016വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം 2 | |
| 9 | വെടിക്കുന്ന് ബങ്കനതൊട്ടി റോഡ് ടാറിംഗ് പ്രവൃത്തി- ടെണ്ടർ നടപടിയിലെ അപാകത. | 2-1 |

| | | |
|---|---|---|
| 10 | രസീത് ബുക്കുകളുടെ സൂക്ഷിപ്പ് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 2-2 |
| | ഭാഗം 3 | |
| 11 | കേരളോത്സവ നടത്തിപ്പ് - 2015-16 -അധികച്ചെലവ് 4,510 രൂപ | 3-1 |
| 12 | എ.എം.സി. തുക നൽകുവാനായി ഡിമാന്റ് ഡ്രാഫ്റ്റ് എടുത്തു. നാളിതുവരെ സ്ഥാപനത്തിന് നൽകിയിട്ടില്ല. | 3-2 |
| 13 | കക്കാട്ട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ പൊതു ശുചിത്വ സമുച്ചയം നിർമ്മാണം- അപാകതകൾ. | 3-3 |
| 14 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ ചുറ്റുമതിൽ അറ്റകുറ്റപ്പണിയും ആർച്ച് നിർമ്മാണവും- ഇന്റർലോക്ക് ഇടുന്ന ഇനം പ്രവൃത്തിക്ക് അധികം നൽകിയ തുക നിരാകരിക്കുന്നു. | 3-4 |
| 15 | വെർച്ചൽ ക്ലാസ്സ് റൂം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കി- ഫണ്ട് വകമാറ്റി ചെലവഴിച്ചു. | 3-5 |
| 16 | പൊതു ശുചിത്വ സമുച്ചയം നിർമ്മാണം- ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല. | 3-6 |
| 17 | ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും - പദ്ധതി യാഥാർത്ഥ്യമായിട്ടില്ല. | 3-7 |
| 18 | തൊഴിൽ പരിശീലന കേന്ദ്രം - ഉപകരണങ്ങൾ വാങ്ങിയത് - പദ്ധതി നടത്തിപ്പ് സർക്കാർ മാർഗ്ഗരേഖകൾക്ക് വിരുദ്ധം- അപാകതകൾ | 3-8 |
| 19 | ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി (HADA) - പഴവർഗ്ഗ പച്ചക്കറി വികസപദ്ധതി -നടപടിക്രമങ്ങളിൽ ഗുരുതര വീഴ്ച -മറ്റ് അപാകതകൾ | 3-9 |
| 20 | സി.എച്ച്.സി പെരിയയിൽ എക്സ്റേ യൂണിറ്റ് സ്ഥാപിച്ചത് - കാലതാമസം -മറ്റ് അപാകതകൾ | 3-10 |
| 21 | സിഡ്കോ-യിൽ നിന്നും നേരിട്ട് കമ്പ്യൂട്ടറുകൾ വാങ്ങിയത് - പ്രൊക്യൂർമെന്റ് മാനദണ്ഡത്തിന് വിരുദ്ധം | 3-11 |
| 22 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-12 |
| 23 | ഐ.എ.വൈ ഭവന പദ്ധതി - പൂർത്തീകരിക്കാനവശേഷിക്കുന്നത് | 3-13 |

| | | |
|---|---|---|
| | നിരവധി വീട്ടുകൾ | |
| 24 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം -അപാകതകൾ | 3-14 |
| | ഭാഗം 4 | |
| 25 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 21-2-2014 ലെ ഭരണസമിതി തീരുമാനം നമ്പർ 1 പ്രകാരവും 2015-16 വർഷത്തെ ബജറ്റ് 21-2-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 1 പ്രകാരവും അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| വർഷം | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 28,00,000 | 16,50,000 |
| വരവ് | 24,19,48,400 | 28,33,43,516 |
| ആകെ | 24,47,48,400 | 28,49,93,516 |
| ചെലവ് | 24,30,98,400 | 28,31,13,516 |
| നീക്കിയിരിപ്പ് | 16,50,000 | 18,80,000 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | തിരിച്ചയച്ച തീയതി | |
| 2014-15 | 31-7-15 | 01-7-15 | ഇല്ല | അക്കൗണ്ട്സ് പരിശോധന നിരീക്ഷണങ്ങൾ ക്രമീകരിച്ച് പുതുക്കിയ ധനകാര്യ പത്രിക 29-10-15 ന് സമർപ്പിച്ചു. |
| 2015-16 | 31-7-16 | 26-7-16 | ഇല്ല | അക്കൗണ്ട്സ് പരിശോധന നിരീക്ഷണങ്ങൾ ക്രമീകരിച്ച് പുതുക്കിയ ധനകാര്യ പത്രിക 30-09-16ന് സമർപ്പിച്ചു. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 10-09-15 | KSA/KSD3/ 589/15 തിയതി<br>4-12-2015 |
| 2015-16 | 29-9-2016 (ഓഡിറ്റിനോടനുബന്ധിച്ച്) | KSA-KSD3/778/16 Dt.4-10-2016 |

ഇരു വർഷങ്ങളിലും വിശേഷണങ്ങളോട്ടു കൂടിയ സർട്ടിഫിക്കറ്റാണ് നല്കിയത്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2014-2015 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 4,75,19,003 | 4,47,99,716 |
| വരവ് | 9,96,76,000 | 10,08,95,746 |
| ആകെ | 14,71,95,003 | 14,56,95,462 |
| ചെലവ് | 10,23,95,287 | 10,76,13,122 |
| നീക്കിയിരിപ്പ് | 4,47,99,716 | 3,80,82,340 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2,98,100 | 2,73,04,000 | 2,76,02,100 | 2,60,76,216 | 15,25,884 | 94.47 |
| വികസനഫണ്ട് | - | 51,81,000 | 51,81,000 | 41,90,351 | 9,90,649 | 80.88 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | - | 79,000 | 79,000 | 79,000 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3,90,499 | 36,92,960 | 40,83,459 | 39,19,530 | 1,63,929 | 95.98 |
| എം.എൻ.ആർ.ഇ. ജി.എസ്. | | 52,50,508 | 52,50,508 | 52,50,508 | | |
| ബി ഫണ്ട് | | 3,72,68 | 3,72,68 | 3,72,68 | | |

( കുറിപ്പ്: 1) 2014-15വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത വികസനഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 5 ലക്ഷം രൂപ മേൽ കണക്കിൽ വരവിലും ചെലവിലും ഉൾപ്പട്ടുത്തിയിട്ടുണ്ട്

2) മുൻവർഷങ്ങളിൽ വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് പ്രവൃത്തിക്കായി നിക്ഷേപിച്ച തുകയിൽ 1,39,995 രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഒടുക്കേണ്ടതിനു പകരം 2013-14 വർഷം വികസനഫണ്ട് ജനറൽ അക്കൗണ്ടിലേയ്ക്ക് ഒടുക്കിയതിനാൽ ഈ തുകയും വാർഷിക കണക്കിൽ മുന്നിരിപ്പിലും നീക്കിയിരിപ്പിലും ഉൾപ്പെട്ടിട്ടുണ്ട്. ഈ തുക 2015-16ൽ സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഒടുക്കിയിട്ടുണ്ട്.)

ഫണ്ട് വിനിയോഗം 2015-16*

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 15,25,884 | 2,67,53,225 | 2,82,79,109 | 2,82,79,109 | - |
| വികസനഫണ്ട് എസ്.സി.പി. | 9,90,649 | 35,81,380 | 45,72,029 | 45,72,029 | - |
| വികസനഫണ്ട് ടി.എസ്.പി. | - | 79,000 | 79,000 | 79,000 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1,63,929 | 34,24,864 | 35,88,793 | 35,88,793 | - |
| എം.എൻ.ആർ.ഇ. ജി.എസ്. | | 7,86,762 | 7,86,762 | 7,86,762 | |
| ബി ഫണ്ട് | | 8,53,585 | 8,53,585 | 8,53,585 | |

(* കുറിപ്പ്. 2015-16 സാമ്പത്തിക വർഷം മേൽ പരാമർശിച്ച ട്രഷറി അക്കൗണ്ടുകൾ കൺസോളിഡേറ്റഡ് ഫണ്ട് സമ്പ്രദായത്തിലേക്ക് മാറുകയും വാർഷിക കണക്കിൽ ഇതനുസരിച്ചുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം ഈ സമ്പ്രദായത്തിലേയ്ക്ക് മാറിയതിനുശേഷമുള്ള പ്രസ്തുത അക്കൗണ്ടുകളിലെ ചെലവ് തുക തന്നെയാണ് വരവായും (നീക്കിയിരിപ്പില്ലാത്തതിനാൽ) വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . ഇതു പ്രകാരമുള്ള ഫണ്ട് വിനിയേഗ സ്റ്റേറ്റ്മെന്റാണ് മുകളിൽ ചേർത്തിട്ടുള്ളത് .)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 2014-15 | 60 | 3,97,59,159 | 55 | 3,55,24,711 | 88.59 |
| 2015-16 | 67 | 4,20,00,064 | 64 | 3,76,84,628 | 89.72 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2014-15 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2014-15 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി. (BDO) | 16 | 1,84,85,569 | 16 | 1,84,15,901 | 99.62 |
| 2 | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ (lsgd) | 34 | 1,38,65,767 | 29 | 1,03,66,657 | 74.76 |
| 3 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 22,59,623 | 3 | 22,59,623 | 100 |
| 4 | ശിശുവികസന പദ്ധതി ഓഫീസർ | 2 | 16,28,200 | 2 | 16,28,200 | 100 |
| 5 | പട്ടികജാതി വികസന ഓഫീസർ | 2 | 7,00,000 | 2 | 5,89,750 | 84.25 |
| 6 | ക്ഷീരവികസന ഓഫീസർ | 1 | 14,40,000 | 1 | 6,00,000 | 41.66 |
| 7 | വ്യവസായ വികസന ഓഫീസർ | - | - | - | - | - |
| 8 | M O അലോപ്പതി (CHC) | 2 | 13,80,000 | 2 | 13,64,580 | 98.88 |

| | | | | | | |
|---|---|---|---|---|---|---|
| | പെരിയ | | | | | |
| | ആകെ | 60 | 3,97,59,159 | 55 | 3,52,24,711 | 88.59 |

2015-16

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി. | 19 | 1,97,18,413 | 18 | 1,95,45,394 | 99.12 |
| 2 | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ (lsgd) | 33 | 1,50,77,575 | 31 | 1,20,16,190 | 79.69 |
| 3 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 6,50,000 | 2 | 6,50,000 | 100 |
| 4 | ശിശുവികസന പദ്ധതി ഓഫീസർ | 2 | 18,38,657 | 2 | 18,38,657 | 100 |
| 5 | പട്ടികജാതി വികസന ഓഫീസർ | 7 | 12,08,972 | 7 | 11,29,375 | 93.41 |
| 6 | ക്ഷീരവികസന ഓഫീസർ | 1 | 15,00,000 | 1 | 5,00,000 | 33.33 |
| 7 | വ്യവസായ<br>വികസന ഓഫീസർ | 1 | 9,02,578 | 1 | 9,02,578 | 100 |
| 8 | M O അലോപ്പതി (CHC)<br>പെരിയ | 2 | 11,03,869 | 2 | 11,02,434 | 99.12 |
| | ആകെ | 67 | 4,20,00,064 | 64 | 3,76,84,628 | 89.72 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-9-2016 ന് (3.30 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പുള്ള 2,000 രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-6-15 25-6-15 | 2014-15 | 4/2278/15 9-6-15 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-6-15 to 05-06-15 | 01-7-14 to 01-5-15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരംമറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരംOA(HQ) III/III/12-82/15-16/176/ Dt.11-7-15 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വെടിക്കുന്ന് ബങ്കനതൊട്ടി റോഡ് ടാറിങ്ങ് പ്രവൃത്തി ടെണ്ടർ നടപടിയിലെ അപാകത- വരവ് നഷ്ടം

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ.049/16, വെടിക്കുന്ന് ബങ്കനതൊട്ടി റോഡ് ടാറിംഗ് പ്രവൃത്തി |
| അടങ്കൽ | 5,00,000/- (വികസന ഫണ്ട്) |
| എസ്റ്റിമേറ്റ് | 5,00,000/- |
| എം. ബുക്ക് നം. | 20/15-16 |
| ആകെ അളവ് മൂല്യം | ₹4,99,077/- |
| കരാറുകരാൻ | ടി.എ. മുഹമ്മദ് കുഞ്ഞി |
| കരാറുകാരന് നൽകിയ തുക | 4,69,132/- |

| | |
|---|---|
| ട്രഷറി ബിൽ നം./തീയതി | 17/15-16 തീയ്യതി. 11.03.2016 |

2015-16 വർഷം നടപ്പാക്കിയ വെടിക്കുന്ന് ബങ്കനതൊട്ടി റോഡ് ടാറിംഗ് പ്രവൃത്തി നടപ്പാക്കുന്നതിനായി ഇ-ടെണ്ടർ നടത്തിയതിൽ താഴെ പറയുന്ന കരാറുകാർ ബിഡ് സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | സയ്യിദ് അബ്ദുൾ റഹിമാൻ | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 0.02% കുറവ്. |
| 2 | ടി.എ. മുഹമ്മദ് കുഞ്ഞി | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 0.07% കുറവ്. |
| 3 | ഹന്ന എന്റർ പ്രൈസസ് | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 20.1% കുറവ്. |

ഇ-ടെണ്ടറിൽ കുറഞ്ഞ നിരക്കുകൾ ക്വാട്ട് ചെയ്ത കരാറുകാരനായ ഹന്ന എന്റർ പ്രൈസസ് ടെണ്ടർ രേഖകൾ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ അവരുടെ ടെണ്ടർ നിരസിക്കുകയും തൊട്ടു താഴെയുള്ള നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ടി.എ. മുഹമ്മദ് കുഞ്ഞി സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിക്കികയും ചെയ്തു. ഈ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധന നടത്തിയപ്പോൾ ശ്രദ്ധയിൽപെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

I. ഇ-ടെണ്ടർ സംവിധാനത്തിൽ, ബിഡ് സമർപ്പിച്ച ശേഷം ടെണ്ടർ തുറക്കുന്നതിനു മുൻപായി ടെണ്ടർ സംബന്ധിച്ച രേഖകൾ ടെണ്ടറിങ്ങ് അധികാരികൾക്ക് കൈമാറാത്ത ബിഡ്ഡർമാരുടെ ടെണ്ടർ നിരസിക്കുന്നതിന് സംവിധാനമുണ്ട്. അതായത് ടെണ്ടർ തുറന്ന് കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റ് ജനറേറ്റ് ചെയ്യുമ്പോൾ നിരസിച്ച ടെണ്ടറുകളുടെ വിവരങ്ങൾ സ്റ്റേറ്റ്മെന്റിൽ കാണാൻ സാധിക്കുകയില്ല. എന്നാൽ ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്രകാരമല്ല നടത്തിക്കാണുന്നത്. ടെണ്ടർ രേഖകൾ സമർപ്പിക്കാത്ത കരാറുകാരന്റെ ടെണ്ടർ നിരസിക്കാതെ അവരുൾപ്പെടെ കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റ് ജനറേറ്റ് ചെയ്യുകയും പിന്നീട് രേഖകൾ സമർപ്പിച്ചില്ല എന്ന കാര്യം പറഞ്ഞ് ടെണ്ടർ നിരസിക്കുകയും ചെയ്യുന്ന രീതിയാണ് ഇവിടെ പിന്തുടർന്ന് കാണുന്നത്. ടെണ്ടർ തുറന്നതിനു ശേഷം, രേഖകൾ സമർപ്പിച്ചില്ല എന്ന കാരണത്താൽ കരാറുകാരുടെ ടെണ്ടറുകൾ നിരസിക്കുന്നത് ക്രമപ്രകാരമല്ല.

II. ടെണ്ടർ രേഖകൾ സമർപ്പിക്കാത്ത കരാറുകാരനായ ഹന്ന എന്റർ പ്രൈസസ്സിനെതിരെ അച്ചടക്ക നടപടികളൊന്നും തന്നെ ടെണ്ടറിങ്ങ് അധികാരി കൈക്കൊണ്ടിട്ടില്ല. ബിഡ് സമർപ്പിച്ചിട്ടും ടെണ്ടർ രേഖകൾ നൽകാതെ ടെണ്ടറിംഗ് അധികാരിയെ കബളിപ്പിച്ച കരാറുകാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാനുള്ള നടപടികളും ടെണ്ടറിങ്ങ് അധികാരി കൈക്കൊണ്ടിട്ടില്ല. കൂടാതെ ഈ കരാറുകാരൻ നിരത ദ്രവ്യമായി സമർപ്പിച്ച ₹ 12,500/-ഫോർഫീറ്റ് ചെയ്തിട്ടുമില്ല. ആയതിനാൽ നിരത ദ്രവ്യമായി സമർപ്പിച്ച തുക അവരവരുടെ അക്കൗണ്ടുകളിലേക്ക് തിരികെ നൽകിയതായി കാണുന്നു. ഇതു മൂലം 12,500/- രൂപയുടെ നഷ്ടം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് ഉണ്ടായിട്ടുണ്ട്. ആയത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.15 തീ: 29.09.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 2-2 <u>രസീത് ബുക്കുകളുടെ സൂക്ഷിപ്പ്.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.</u>

ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിക്കുന്നതിനും , മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഉപയോഗിക്കുന്നതിനുമായി ലഭ്യമായിട്ടുള്ള രസീത് ബുക്കുകളുടെ കൃത്യമായ സ്റ്റോക്ക് വിവരങ്ങൾ സൂക്ഷിച്ചുകാണുന്നില്ല. മറ്റിനങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ഒരു പേജിൽ ഓൾഡ് സ്റ്റോക്ക് ഒൻപത് രസീത് ബുക്കുകൾ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ ബുക്ക് നമ്പറുകൾ ഇതിൽ ചേർത്തിട്ടില്ല. മറ്റൊരു രജിസ്റ്ററിൽ മൂന്ന് രസീതുബുക്കുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ,ഒരെണ്ണം ബ്ലോക്ക് പഞ്ചായത്ത് ആവശ്യത്തിനുമായി ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയിലൊന്നും പരാമർശിക്കാത്ത രസീത് ബുക്ക് നം.995 കൃഷി അസി.ഡയറക്ടർ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായി. ഈ രസീത് ബുക്ക് 2010 മുതൽ നിർവ്വഹണ

ഉദ്യോഗസ്ഥൻ ഉപയോഗിച്ച് വരുന്നതായി കാണുകയുണ്ടായി. കൃത്യമായ സ്റ്റോക്ക് -ഇഷ്യൂ വിവരങ്ങൾ സൂക്ഷിക്കാതെ വന്നാൽ രസീതു ബുക്കുകൾ ദുരുപയോഗം ചെയ്യുവാനുള്ള സാദ്ധ്യത ഏറെയാണ്. ഇക്കാര്യം പരിശോധിച്ച് രസീത് ബുക്കുകളുടെ സ്റ്റോക്ക് -ഇഷ്യൂ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനു മാത്രമായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയവയുടെ വിവരങ്ങൾ ലഭ്യമാക്കി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ടെണ്ടർ നടപടികൾക്കായി വർഷത്തിൽ ഒന്നോ രണ്ടോ, രസീതുകൾ മാത്രം ആവശ്യമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്രത്യേകം രസീത് ബുക്കുകൾ നൽകേണ്ട ആവശ്യമില്ല. ബന്ധപ്പെട്ട കക്ഷികളോട് തുക ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് ഒടുക്കുവാൻ നിർദ്ദേശിച്ചാൽ മതി. അസി.എക്സി.എഞ്ചിനിയർ , കൃഷി അസി.ഡയറക്ടർ എന്നിവർ മാത്രമാണ് രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് രസീത് ബുക്കുകൾ നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച്, ഉണ്ടെങ്കിൽ ആയവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (എൻക്വയറി നം 05- 23-09-2016)

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കേരളോത്സവ നടത്തിപ്പ് - 2015-16 -അധികച്ചെലവ് 4,510 രൂപ.

(പ്രൊജക്ട് നം 01/2016 -നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്)

2015-16 സാമ്പത്തിക വർഷം ബ്ലോക്ക് തല കേരളോത്സവ നടത്തിപ്പിനായി വികസന ഫണ്ടിൽ നിന്നും 99091 രൂപ ട്രഷറി ബിൽ നം 18/ 29-1-2016 പ്രകാരം ചെലവഴിച്ചിട്ടുണ്ട് . പരിശോധനയ്ക്ക് ഹാജരാക്കിയ ചെലവ് വൗച്ചറുകളിൽ സബ് വൗച്ചർ നം 36/13-12-15, പ്രകാരം നോട്ടീസ്, ബാനർ, ഫ്ലക്സ് എന്നിവ തയ്യാർ ചെയ്യുതിനുള്ള പ്രതിഫലം 4510 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും കൈപ്പറ്റിയെന്നുള്ള എൻ.ജി.കെ മെമ്മോറിയൽ സഹകരണ പ്രസ്സ് കാസറഗോഡിന്റെ ഒരു കൈപ്പറ്റ് രസീതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതിന് മേൽ സ്ഥാപനം നൽകിയ ബിൽ സബ് വൗച്ചർ നമ്പർ 55/30-12-15 പ്രകാരവും സൂക്ഷിച്ചിട്ടുണ്ട് . നോട്ടീസ്, ബാനർ, ഫ്ലക്സ് എന്നിവ അച്ചടിച്ചതിനായി നൽകിയ തുകയുടെ ബില്ലും , കൈപ്പറ്റ് രസീതും പ്രത്യേകം കണക്കാക്കിയതുവഴി വികസന ഫണ്ടിൽ നിന്നും 4510 രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ നിയമപ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് അധികൃതർ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 4510 രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 07 തീയ്യതി 27.09.2016)

## 3-2 എ.എം.സി. തുക നൽകുവാനായി ഡിമാന്റ് ഡ്രാഫ്റ്റ് എടുത്തു. നാളിതുവരെ സ്ഥാപനത്തിന് നൽകിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ സെർവ്വർ കമ്പ്യൂട്ടറിന്റെ എ.എം.സി ചാർജ്ജിനത്തിൽ എച്ച്.പി ഇന്ത്യ സെയിൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകുന്നതിനായി ചെക്ക് നം. 2315261/23-9-2014 പ്രകാരം 11,421രൂപ പിൻവലിച്ച് 763076/24-9-2014നമ്പർ പ്രകാരം ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കുകയും , എന്നാൽ പിന്നീട് കമ്പനിയുടെ അപേക്ഷപ്രകാരം ആയത് ക്യാൻസൽ ചെയ്ത് പുതിയ ഡിമാന്റ് ഡ്രാഫ്റ്റ്, 763358/14-10-14നമ്പർ പ്രകാരം എടുക്കുകയുമുണ്ടായി. എന്നാൽ പ്രസ്തുത ഡിമാന്റ് ഡ്രാഫ്റ്റ് നാളിതുവരെ ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകാതെ വൗച്ചറിനൊപ്പം സൂക്ഷിച്ചിരിക്കുകയാണ്. ഇക്കര്യം പരിശോധിച്ച് പ്രസ്തുത ഡിമാന്റ് ഡ്രാഫ്റ്റ് ക്യാൻസൽ ചെയ്ത് തുക എത്രയും വേഗം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്. ആയതുവരെ മേൽപ്രകാരം നടത്തിയ ചെലവ് 11,421രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (എൻക്വയറി നം 05-തി. 23-09-2016 )

## 3-3 കക്കാട്ട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ പൊതു ശുചിത്വ സമുച്ചയം നിർമ്മാണം- അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ.045/16, കക്കാട്ട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ പൊതു ശുചിത്വ സമുച്ചയം നിർമ്മാണം |
| അടങ്കൽ | 6,00,000/- (നിർമ്മൽ പുരസ്കാരം വിഹിതം) |
| എസ്റ്റിമേറ്റ് | 5,70,000/- |
| സാങ്കേതികാനുമതി | 6,00,000/- No. AEE/LSGD/TS/KHD/BP/ 28/14-15 Dated 05.12.2014, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, കാഞ്ഞങ്ങാട്. |
| എം. ബുക്ക് നം. | 20/14-15 |
| ആകെ അളവ് മൂല്യം | ₹ 5,95,824/- (ടെണ്ടർ കുറവ് കഴിച്ച് ₹ 5,95,765/-) |
| കരാറുകരാൻ | പ്രിയദർശിനി ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി, കാഞ്ഞങ്ങാട്. |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 0.01% കുറവ് |
| കരാറുകാരന് നൽകിയ തുക | ₹ 5,60,018/- |
| ഡി.ഡി. നം./തീ | 910165 തീ 30.11.2015 |

I. ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ പെടാത്ത സ്ഥാപനത്തിൽ പദ്ധതി നടപ്പാക്കി.

മടിക്കൈ ഗ്രാമ പഞ്ചായത്തിലെ കക്കാട്ട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ 2015-16 വർഷം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 5,95,765/- രൂപ ചെലവാക്കി ഒരു പൊതു ശുചിത്വ സമുച്ചയം നിർമ്മിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 173(1)-ാം വകുപ്പിലെ അഞ്ചാം പട്ടിക പ്രകാരം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെയും ഹൈസ്കൂളുകളുടെയും (ഹൈസ്കൂളുകളോടൊപ്പമുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങൾ ഉൾപ്പെടെ) നടത്തിപ്പ് ജില്ലാ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപ്പെടുന്നതാണ്. പന്ത്രണ്ടാം പദ്ധതി സംബന്ധിച്ച് പരിഷ്കരിച്ച മാർഗ്ഗരേഖയായ സ.ഉ.(എം.എസ്) നം. 362/2013/ത.സ്വ.ഭ.വ തീ. 16.11.2013 ലെ ഖണ്ഡിക 4(2) പ്രകാരം പഞ്ചായത്ത് രാജ് ആക്ടിലെ 3,4,5 പട്ടിക പ്രകാരം ഗ്രാമ/ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിക്ഷിപ്തമായതും, സർക്കാർ പ്രത്യേകമായി ഏൽപിച്ചതുമായ ചുമതലകൾ നിറവേറ്റുന്നതിനും വേണ്ടിയായിരിക്കണം പദ്ധതികൾ തയ്യാറാക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ മേൽ ഉത്തരവിലെ ഖണ്ഡിക 4(7) പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ സ്ഥാപനത്തെ സർക്കാർ ഏൽപിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതും ആയ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത സ്ഥാപനത്തിൽ പദ്ധിത നടപ്പാക്കിയത് ക്രമപ്രകാരമല്ല. ഗ്രാമ വികസന കമ്മീഷണറുടെ

13.06.2014 ലെ 22999/ഡി.പി.4/13 സിആർഡി നമ്പർ കത്തിൽ തങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപ്പെടാത്തതും മാർഗ്ഗരേഖ അനുവദിക്കാത്തതുമായ പദ്ധതികൾ സർക്കാറിന്റെ മുൻകൂർ അനുമതി ഇല്ലാതെ നടപ്പിലാക്കുവാൻ പാടില്ല എന്ന് കർശന നിർദ്ദേശം ബ്ലോക്ക് പഞ്ചായത്തുകൾക്ക് നല്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കക്കാട്ട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ പൊതു ശുചിത്വ സമുച്ചയം നിർമിച്ചതിന് ചെലവഴിച്ച 5,95,765/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

II. <u>പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത സ്ഥാപനത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ ആദായ നികുതി ഈടാക്കി.</u>

കക്കാട്ട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ പൊതു ശുചിത്വ സമുച്ചയം നിർമ്മാണ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത് നടപ്പാക്കിയത് പ്രിയദർശിനി ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനമാണ്. പ്രവൃത്തിയുടെ അന്തിമ ബില്ല് പ്രകാരം ഈ സ്ഥാപനത്തിന്നിന്നും 1% നിരക്കിൽ 5,958/- രൂപയാണ് ആദായ നികുതിയായി ഈടാക്കിയിരിക്കുന്നത്. കേന്ദ്ര ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം 01.04.2010 മുതൽ കോൺട്രാക്ട് പ്രവൃത്തികൾക്ക് ബാധകമായ നികുതി നിരക്ക് ഹിന്ദു കുടുംബം/വ്യക്തി എന്നിവർക്ക് 1%, മറ്റുള്ളവർക്ക് 2% എന്നിങ്ങനെയാണ്. ഇതു പ്രകാരം ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റികളിൽ നിന്നും 2% നിരക്കിലാണ് ആദായ നികുതി ഈടാക്കേണ്ടത്. ആയതിനാൽ ഈ പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും 11,915/- രൂപയാണ് ആദായ നികുതിയായി ഈടാക്കേണ്ടിയിരുന്നത്. ആദായ നികുതി ഈടാക്കുന്നതിൽ കുറവ് വന്ന 5,957/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കാണ്ടതാണ്.

(മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.11 തീ: 29.09.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-4 <u>ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ ചുറ്റുമതിൽ അറ്റകുറ്റപ്പണിയും ആർച്ച് നിർമ്മാണവും- ഇന്റർലോക്ക് ഇടുന്ന ഇനം പ്രവൃത്തിക്ക് അധികം നൽകിയ തുക നിരാകരിക്കുന്നു.</u>

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ.054/15, (ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ ചുറ്റുമതിൽ അറ്റകുറ്റപ്പണിയും ആർച്ച് നിർമ്മാണവും) |
| അടങ്കൽ | 10,00,000/- (സംരക്ഷണ ഗ്രാന്റ് - റോഡിതരം) |
| എസ്റ്റിമേറ്റ് | 10,00,000/- |
| സാങ്കേതികാനുമതി | 10,00,000/- No. AEE/LSGD/KHD/TS/ 74/13-14 Dated 16.08.2014, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, കാഞ്ഞങ്ങാട് |
| എം. ബുക്ക് നം. | 6/13-14. |
| ആകെ അളവ് മൂല്യം | ₹8,51,681/- |
| കരാറുകാരൻ | എം. ചന്ദ്രൻ, നീലേശ്വരം. |

<table>
<tr><td>ക്വോട്ട് ചെയ്ത നിരക്ക്</td><td colspan="2">എസ്റ്റിമേറ്റ് നിരക്കിനേക്കാളും 0.01% കുറവ്.</td></tr>
<tr><td rowspan="2">കരാറുകാരന് നൽകിയ തുക</td><td rowspan="2">₹ 8,12,007/-</td><td>₹6,62,899/- ഡി.ഡി.നം.691693 തീ.19.04.2014</td></tr>
<tr><td>₹1,46,108/- ഡി.ഡി.നം. 763996 തീ.07.11.2014</td></tr>
</table>

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ ചുറ്റമതിൽ അറ്റകുറ്റപ്പണിയും ആർച്ച് നിർമ്മാണവും പ്രവൃത്തിക്കായി 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 18 ഇനങ്ങളാണുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിയിലെ 16ാമത്തെ ഇനം "Providing interlock" എന്നതാണ്. എസ്റ്റിമേറ്റിൽ 57 $m^2$ അളവ് പ്രവൃത്തി ചെയ്യുന്നതിന് ഈ ഇനത്തിന് 1292/$m^2$ നിരക്കിൽ 73,644/- രൂപ വകയിരുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 16ാമത്തെ ഇനം പ്രവൃത്തിയായി "Providing interlock" 55.88 $m^2$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട് (പേജ് 36 എം. ബുക്ക്). ഇത്രയും അളവ് ഇന്റർലോക്ക് ചെയ്തതിന് 1292/$m^2$ എന്ന നിരക്കിൽ 72,197/- രൂപ അളവ് മൂല്യം കണക്കാക്കി (പേജ് 72, എം.ബുക്ക്) കരാറുകാരന് ടെണ്ടർ കിഴിവ് നടത്തി 72,190/- രൂപ അനുവദിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ ഇനം പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത് താഴെ പറയും പ്രകാരമുള്ള ഒബ്സർവ്ഡ് ഡാറ്റ (SOR 2012 ) അനുസരിച്ചാണ്.

Supplying paving interlocking cobbles 63mm thick or nearest available in size 300 x 300 mm size or nearest available in size over a bed of 100 mm tick sand and compacting with surface vibrator with line and levels. Including all cost conveyance and all labour charges etc.... complete.[OBSERVED DATA ON 536(b)]

| Quantity | Description | Unit | Rate | Amount |
|---|---|---|---|---|
| Material | | | | |
| 1.05 $m^2$ | Interlocking cobbles 63mm thick. | $m^2$ | 638.00 | 669.90 |
| 0.10 $m^3$ | Sand | $m^3$ | 2777.00 | 277.70 |
| Labour | | | | |
| 0.15 No | Mason | Each | 471.00 | 70.65 |
| 0.0875 No | Man | Each | 377.00 | 32.99 |
| Conveyance | | | | |
| 12 Nos | Interlocking cobbles 63mm thick. | 1000 Nos | 290.00 | 3.48 |

| | | | | |
|---|---|---|---|---|
| | | | | |
| 0.10 $m^3$ | Sand | $m^3$ | 630.00 | 63.00 |
| 0.01 Day | Hire charges for surface vibrator (cpwd hire) | Day | 600.00 | 6.00 |
| | | | Total ₹ | 1123.72 |
| | | | + 10% CP | 112.37 |
| | | | + 5% OH | 56.19 |
| | | | Total | 1292.28 |
| | | | Rounded to ₹ | 1292/$m^2$ |

മേൽപ്പറഞ്ഞ പ്രകാരം തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ Sand filling ന് 2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള River sand (for mortar) ന്റെ നിരക്കായ 2777/$m^3$എന്ന നിരക്കാണ് എടുത്തിരിക്കുന്നത്. എന്നാൽ ഫില്ലിംഗ് പ്രവൃത്തിക്ക് ഉപയാഗിക്കേണ്ട മണലിന്റെ നിരക്ക് (sand for filling) 2012 ലെ SOR പ്രകാരം 616/$m^3$ എന്നതാണ്.(സീരിയൽ നം.64, Section II Rates of materials). ആയതിനാൽ പ്രവൃത്തിയുടെ അനുവദനീയമായ ഡാറ്റ താഴെ പറയും പ്രകാരമാണ്.

| Quantity | Description | Unit | Rate | Amount |
|---|---|---|---|---|
| Material | | | | |
| 1.05 $m^2$ | Interlocking cobbles 63mm thick. | $m^2$ | 638.00 | 669.90 |
| 0.10 $m^3$ | Sand | $m^3$ | 616.00 | 61.60 |
| Labour | | | | |
| 0.15 No | Mason | Each | 471.00 | 70.65 |
| 0.0875 No | Man | Each | 377.00 | 32.99 |
| Conveyance | | | | |

| | | | | |
|---|---|---|---|---|
| 12 Nos | Interlocking cobbles 63mm thick. | 1000 Nos | 290.00 | 3.48 |
| 0.10 $m^3$ | Sand | $m^3$ | 630.00 | 63.00 |
| 0.01 Day | Hire charges for surface vibrator (cpwd hire) | Day | 600.00 | 6.00 |
| | | | Total ₹ | 907.62 |
| | | | + 10% CP | 90.76 |
| | | | + 5% OH | 45.38 |
| | | | Total | 1043.76 |
| | | | Rounded to ₹ | 1044/$m^2$ |

മേൽപറഞ്ഞ നിരക്ക് പ്രകാരം പ്രവൃത്തിയുടെ 16-ാമത്തെ ഇനമായ “Providing interlock” 55.88 $m^2$ അളവ് പ്രവൃത്തി ചെയ്യുന്നതിന് 58,333/- രൂപ മാത്രമാണ് കരാറുകാരന് അനുവദിക്കേണ്ടിയിരുന്നത് (55.88 $m^2$ x 1044/$m^2$ = ₹58,339/- ടെണ്ടർ കിഴിവ് (0.01%) നടത്തിയാൽ ₹ 58,333/-). എന്നാൽ 72,190/- രൂപ അനുവദിച്ചത് ക്രമ പ്രകാരമല്ല. അധികം നൽകിയ 13,851/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറായ ശ്രീ. വിദ്യാധരൻ.കെ.വി എന്നവരിൽനിന്നും ഈടാക്കേണ്ടതാണ്. (പ്രവൃത്തിക്കായി ₹ 13,851/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.8 തീ: 28.09.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-5 വെർച്ചൽ ക്ലാസ്സ് റൂം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കി- ഫണ്ട് വകമാറ്റി ചെലവഴിച്ചു.

രാജീവ് ഗാന്ധി ശാക്തീകരൺ അഭിയാൻ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ വെർച്ചൽ ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനും ഘടക പദ്ധതിയായ SATCOM എന്നിവ നടപ്പാക്കുന്നതിന് 2015-2016 വർഷം 15 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഈ തുക സിണ്ടിക്കേറ്റ് ബാങ്കിന്റെ കോട്ടച്ചേരി ശാഖയിലുള്ള SGSY അക്കൗണ്ടിൽ ( നം 42032010036781) വരവ് വെച്ചിട്ടുണ്ട്.

സർക്കാർ കത്ത് നം DD-1/8/16/LSGD തീയ്യതി 17.05.2016 പ്രകാരം വെർച്ചൽ ക്ലാസ്സ് റൂമിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാൻ അനുമതി ലഭിച്ചതിന്റെയടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് 3 ലക്ഷം രൂപ ഫർണിച്ചർ വാങ്ങുന്നതിനായി പദ്ധതിയിൽ വകയിരുത്തി.

2015-16 വർഷം വെർച്ചൽ ക്ലാസ്സ് റൂമിന്റെ വയറിംഗ് പ്രവൃത്തി നടത്തിയതിനായി 1,98,496/- രൂപ മെയിന്റനൻസ് ഫണ്ടിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ട്രഷറി ബിൽ നം 29/15-16 തീയ്യതി 30.03.2016) ചെലവഴിച്ചിട്ടുണ്ട്. വെർച്ചൽ ക്ലാസ്സ് റൂമിലേക്ക് ആവശ്യമായ

ഫർണിച്ചർ വാങ്ങുന്നതിന് മാത്രമാണ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാൻ അനുമതിയുള്ളത്, മറ്റ് ചെലവുകൾ ഈ പദ്ധതിക്കായി ലഭിച്ച ഫണ്ട് ഉപയോഗിച്ചാണ് നടത്തേണ്ടത്. ആയതിനാൽ 1,98,496/- രൂപയിടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിക്കായി മെയിന്റനൻസ് ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ച 1,98,496/- രൂപ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പദ്ധതിക്കായി ഫണ്ട് വകമാറ്റി ചെലവഴിച്ച വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം12 തീ: 29.09.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 പൊതു ശുചിത്വ സമുച്ചയം നിർമ്മാണം- ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല.

2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ നിർമ്മൽ പുരസ്കാരമായി ലഭിച്ച ഫണ്ട് ഉപയാഗിച്ച് ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന പദ്ധതികൾ പ്രകാരം പൊതു ശുചിത്വ സമുച്ചയം നിർമ്മാണം നടത്തിയിട്ടുണ്ട്.

| പ്രൊജക്ടിന്റെ പേരും നമ്പറും. | ചെലവ് | ചെക്ക്നം/തീയ്യതി |
|---|---|---|
| സാനിറ്ററി കോംപ്ലക്സ് നിർമ്മാണം-ബേക്കൽ (പള്ളിക്കര ഗ്രാമ പഞ്ചായത്ത്) | ₹ 1,98,457/- | 1581048/23.03.15 |
| സാനിറ്ററി കോംപ്ലക്സ് നിർമ്മാണം-കാഞ്ഞിരപ്പൊയിൽ, ഇരിക്കുളം (മടിക്കൈ ഗ്രാമ പഞ്ചായത്ത്) | ₹3,50,048/- | 0402241/29.09.15 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 173(1)-ാം വകുപ്പിലെ മൂന്നാം പട്ടിക പ്രകാരം പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കുളിസ്ഥലങ്ങളും ഏർപ്പെടുത്തേണ്ടത് ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപ്പെടുന്നതാണ്. ആയതിനാൽ മേൽ പറഞ്ഞ സ്ഥലങ്ങളിൽ നിർമ്മിച്ച പൊതു ശുചിത്വ സമുച്ചയങ്ങൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ഓഡിറ്റ് എൻക്വയറി നം- 16 തീയതി 29.09.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ സ്ഥലങ്ങളിൽ നിർമ്മിച്ച പൊതു ശുചിത്വ സമുച്ചയങ്ങൾ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ലെങ്കിൽ ആയവ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്.

## 3-7 ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും - പദ്ധതി യാഥാർത്ഥ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ. 027/15 & 039/15, (ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിർമ്മാണം) |
| അടങ്കൽ | 54,22,000/- (വികസന ഫണ്ട്) |
| എസ്റ്റിമേറ്റ് | 54,22,000/- |
| സാങ്കേതികാനുമതി | 54,22,000/- No. EE/LSGD/KHD/TS/ 8/14-15 Dated 29.10.2014, എക്സി.എഞ്ചിനീയർ, LSGD ഡിവിഷൻ, കാസറഗോഡ്. |

| | | | | |
|---|---|---|---|---|
| | | | | |
| എം. ബുക്ക് നം. | 10/13-14, 17/14-15, 40/14-15 | | | |
| ആകെ അളവ് മൂല്യം | ₹ 46,73,378/- (C.C 4th and part bill പ്രകാരം) | | | |
| കരാറുകരാൻ | ബി. മുഹമ്മദ് ഹാജി. | | | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 5.77% കുറവ്. | | | |
| കരാറുകാരന് നൽകിയ തുക | ട്രഷറി ബിൽ നം./തീയതി. | | ബിൽ തുക | കരാറുകാരന് നൽകിയത് |
| | 17/14-15, 26.03.15 | First part bill | 18,44,843/- | 15,49,669/- |
| | 27/14-15, 31.03.15 | Second part bill | 2,28,288/- | 1,91,761/- |
| | 5/15-16, 25.08.15 | Third part bill | 4,82,502/- | 4,53,551/- |
| | 6/15-16, 14.09.15 | | 1,18,549/- | 45,620/- |
| | 7/15-16, 14.09.15 | | 9,27,159/- | 9,27,159/- |
| | 39/15-16, 18.03.16 | Fourth part bill | 9,00,017/- | 8,46,016/- |
| ആകെ | | | 45,01,358 | 40,13,766/- |

കാഞ്ഞങ്ങട് ബ്ലോക്ക് പഞ്ചായത്ത് 2014-15, 2015-16എന്നീ വർഷങ്ങളിലായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ സമീപത്തായി ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നടത്തുന്നതിനായി ഒരു ഇരു നില കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. താഴത്തെ നിലയിൽ 7 മുറികളും മുകളിലെ നിലയിൽ 3 മുറികളും ഒരു ഹാളും ഉൾപ്പെടുന്നതാണ് ഈ കെട്ടിടം. 2015-16 സാമ്പത്തിക വർഷം വരെ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി

45,01,358/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതു കൂടാതെ കെട്ടിടം വയറിംഗ് ചെയ്യുന്നതിനായി (പ്രൊജക്ട് നം. 53/16) 2015-16 സാമ്പത്തിക വർഷം 3,64,149/- രൂപയും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഉദ്ഘാടനം 25.09.2015 ന് കഴിഞ്ഞെങ്കിലും നാളിതുവരെ കെട്ടിടം ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഗ്രാമീണ മാർക്കറ്റിന്റെയും തൊഴിൽ പരിശീലന കേന്ദ്രത്തിന്റെയും പ്രവർത്തനവും നാളിതുവരെയും ആരംഭിച്ചിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. (കെട്ടിട നിർമ്മാണത്തിനും വയറിംഗ് പ്രവർത്തിക്കും മേൽ പറഞ്ഞ പ്രകാരം നടത്തിയ ചെലവുകൾ കൂടാതെ വ്യവസായ വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷം സ്വയം തൊഴിൽ പരിശീലന കേന്ദ്രം (പ്രൊജക്ട് നം. 67/16) എന്ന പദ്ധതി പ്രകാരം 9,02,578/-രൂപയുടെ ഫർണ്ണിച്ചറുകളും കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും തയ്യൽ മെഷീനുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശത്തിനായി ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-8 കാണുക)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഗ്രാമീണ മാർക്കറ്റിനും തൊഴിൽ പരിശീലന കേന്ദ്രത്തിനുമായി നടത്തിയ നിർമ്മാണപ്രവൃത്തിയിൽ പെയിന്റിംഗ് പ്രവൃത്തിയിൽ 7,955/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്, ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിർമ്മാണവും പ്രവൃത്തിക്കായി 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 56 ഇനങ്ങളാണുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിയിലെ 16ാമത്തെ ഇനം "Painting with synthetic enamel paint of suitable colour using approved quality paint as specified one coat (over a priming coat already done and to be paid separately) to new wood/ iron work" എന്നതാണ്. എസ്റ്റിമേറ്റിൽ 278 $m^2$ അളവ് പ്രവൃത്തി ചെയ്യുന്നതിന് ഈ ഇനത്തിന് 783/10$m^2$ നിരക്കിൽ 21,767/- രൂപ വകയിരുത്തിയിട്ടുണ്ട്..

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (നം 40/13-14, പേജ് 13) പ്രകാരം 34ാമത്തെ ഇനം പ്രവൃത്തിയായി "Painting with synthetic enamel paint of suitable colour using approved quality paint as specified one coat (over a priming coat already done and to be paid separately) to new wood/ iron work" 272.76 $m^2$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട് . ആയത് 268 $m^2$ അളവിന് പരിമിതപ്പെടുത്തി 783/10$m^2$ എന്ന നിരക്കിൽ 20,984/- രൂപ അളവ് മൂല്യം കണക്കാക്കി (പേജ് 87, എം.ബുക്ക് നം 10/13-14) കരാറുകാരന് ടെണ്ടർ കിഴിവ് നടത്തി 19,773/- രൂപ അനുവദിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ ഇനം പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത് താഴെ പറയും പ്രകാരമുള്ള ഡാറ്റ അനുസരിച്ചാണ്.

| Quantity | Description | Unit | Rate | Amount |
|---|---|---|---|---|
| Material | | | | |
| 1.15 Lr (0.70 + 0.45=1.15) | Enamel paint | Lr | 211.00 | 242.65 |
| LS | For sundries including brushes, sand paper, soap, putty etc.(0.37 + 0.25) | - | 5.00 | 3.10 |
| Labour | | | | |
| 0.65 No | Painter | Each | 396.00 | 257.40 |

| | | | | |
|---|---|---|---|---|
| 0.45 No | Painter | Each | 396.00 | 178.20 |
| Total ₹ | | | | 681.35 |
| + 10% CP | | | | 68.14 |
| + 5% OH | | | | 34.07 |
| Total | | | | 783.55 |
| Rounded to ₹ | | | | 783/10m$^2$ |

2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം "Painting with synthetic enamel paint of suitable colour using approved quality paint as specified one coat (over a priming coat already done and to be paid separately) to new wood/ iron work" എന്ന ഇനം പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് (സ്ററാൻഡേർഡ് ഡാറ്റ ബുക്കിലെ ക്രമ നം 612) ചുവടെ ചേർക്കുന്നു.

| Quantity | Description | Unit | Rate | Amount |
|---|---|---|---|---|
| Material | | | | |
| 0.70 Lr | Enamel paint | Lr | 211.00 | 147.70 |
| 0.37 | For sundries including brushes, sand paper, soap, putty etc. | LS | 5.00 | 1.85 |
| Labour | | | | |
| 0.65 No | Painter | Each | 396.00 | 257.40 |
| Total ₹ | | | | 406.95 |
| + 10% CP | | | | 40.70 |
| + 5% OH | | | | 20.35 |
| Total | | | | 467.99 |
| Rounded to ₹ | | | | 468/10m$^2$ |

മേൽപറഞ്ഞ നിരക്ക് പ്രകാരം പ്രവൃത്തിയുടെ 34-ാമത്തെ ഇനമായ "Painting with synthetic enamel paint of suitable colour using approved quality paint as specified one coat (over a priming coat already done and to be paid separately) to new wood/ iron work" 268 $m^2$ അളവ് പ്രവൃത്തി ചെയ്യുന്നതിന് 11,818/- രൂപ മാത്രമാണ് കരാറുകാരന് അനുവദിക്കേണ്ടിയിരുന്നത് (268 $m^2$ x 468/10$m^2$ = ₹12,542/- ടെണ്ടർ കിഴിവ് (5.77%) നടത്തിയാൽ ₹ 11,818/-). എന്നാൽ 19,773/- രൂപ അനുവദിച്ചത് ക്രമ പ്രകാരമല്ല. അധികം നൽകിയ 7,955/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറായ ശ്രീ. ധർമ്മകീർത്തി എന്നവരിൽനിന്നും ഈടാക്കേണ്ടതാണ്. (പ്രവൃത്തിക്കായി ₹ 7,955/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.13 തീ: 29.09.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-8 തൊഴിൽ പരിശീലന കേന്ദ്രം - ഉപകരണങ്ങൾ വാങ്ങിയത് - പദ്ധതി നടത്തിപ്പ് സർക്കാർ മാർഗ്ഗരേഖകൾക്ക് വിരുദ്ധം- അപാകതകൾ

2015-16 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ സ്വയം തൊഴിൽ പരിശീലന കേന്ദ്രം - (പ്രൊ.നം 67/16 ) എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 9,02,578 രൂപ ( ട്രഷറി ബിൽ നം . 1തി.30-3-16) ചെലവഴിച്ച് കമ്പ്യൂട്ടർ പരിശീലനം, തയ്യൽ പരിശീലനം എന്നിവ നടത്തുന്നതിലേയ്ക്കായി കമ്പ്യൂട്ടറുകൾ, തയ്യൽ മെഷീനുകൾ, മറ്റ് ഫർണിച്ചറുകൾ എന്നിവ ചുവടെ ചേർത്തപ്രകാരം സിഡ്കോയിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്.

| ക്രമ.നം | ഇനം | എണ്ണം |
|---|---|---|
| 1 | സെർവ്വർ കമ്പ്യൂട്ടർ HP | 1 |
| 2 | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ - acer | 10 |
| 3 | യു.പി.എസ് 1 kv | 1 |
| 4 | യു.പി.എസ് 600 w | 10 |
| 5 | പ്രിന്റർ (കാനൻ) | 1 |
| 6 | Lan-and other accessories -modem ect.. | 1 |
| 7 | എൽ.സി.ഡി (ഡെൽ) | 1 |
| 8 | സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ | 11 |
| 9 | സ്റ്റീൽ കമ്പ്യൂട്ടർ ചെയർ | 11 |
| 10 | തയ്യൽ മെഷീൻ + accessories | 8 |
| 11 | ഓവർ ലോക്ക് തയ്യൽ മെഷീൻ + accessories | 1 |
| 12 | എംബ്രോയ്ഡറി തയ്യൽ മെഷീൻ+ accessories | 1 |
| 13 | അയൺ ബോക്സ് | 1 |
| 14 | പ്ലയിൻ ടേബിൾ (അഞ്ഞിലി മരം) 6x3 ft | 1 |
| 15 | പ്ലയിൻ ടേബിൾ (അഞ്ഞിലി മരം) 3x2 ft | 1 |
| 16 | സ്റ്റൂൾ (അഞ്ഞിലി മരം) | 12 |
| 17 | സ്റ്റീൽ കാബിനറ്റ് | 2 |
| 18 | സ്റ്റീൽ വിസിറ്റേഴ്സ് ചെയർ (കുഷ്യൻ) - | 7 |
| 19 | ജൂനിയർ ഓഫീസേഴ്സ് ടേബിൾ (അഞ്ഞിലി മരം) | 2 |
| 20 | ജഫേഴ്സൻ ചെയർ | 10 |

ഇരുപത് ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന പദ്ധതി പിന്നീട് ഭേദഗതി വരുത്തി അടങ്കൽ തുക ചെലവ് തുകയ്ക്ക് പരിമിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതി ആവിഷ്കരിക്കുന്ന വേളയിൽ നിലവിലുള്ള സർക്കാർ മാർഗ്ഗരേഖകൾ പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥനും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഷിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ സംസ്ഥാനസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കാറുണ്ട് . പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നടത്തിപ്പിനുള്ള പരിഷ്കരിച്ച മാർഗ്ഗ രേഖ ജി.ഒ.(എം.എസ്) നം 362/13 16-11-2013 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട് . ഇതുപ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള പതിനെട്ടിനും മുപ്പതിനും മദ്ധ്യേ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിൽ രഹിതർക്ക് പരിശീലനം നൽകാവുന്നതാണ്. കൂടാതെ കമ്പ്യൂട്ടർ പരിശീലന പരിപാടികൾ ഏറ്റെടുക്കാൻ പാടുള്ളതുമല്ല . ജി.ഒ.(എം.എസ്) നം. 4/16 തി.11-1-2016 ഉത്തരവ് പ്രകാരം തൊഴിൽ പരിശീലന പദ്ധതികൾ ഏറ്റെടുക്കുന്നതിന് പുതിയ ചില നിബന്ധനകൾക്കൂടി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം കൃഷി വകുപ്പ് , മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് , വ്യവസായ വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശീലനസ്ഥാപനങ്ങൾ , കെ-സ്റ്റെഡ് തുടങ്ങിയസ്ഥാപനങ്ങളിലൂടെ മാത്രമേ പരിശീലനം നൽകാവൂ. കൂടാതെ പരിശീലനനാർത്ഥികളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനും, ഒരു പരിശീലനാർത്ഥിയ്ക്ക് വേണ്ടി വിനിയോഗിക്കാവുന്ന പദ്ധതി വിഹിതം സംബന്ധിച്ചും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. നിലവിലുള്ള മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പദ്ധതി നടത്തിപ്പിൽ പാലിക്കപ്പെട്ടിട്ടില്ല.

2) പരിശോധനയ്ക്ക് ലഭ്യമാക്കിയ പ്രൊജക്ട് റിപ്പോർട്ടിൽ പദ്ധതി നടത്തിപ്പ് ഏതു വിധേനയെന്ന് പരാമർശിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ മുഖേന ഗ്രാമീണ മാർക്കറ്റ്& തൊഴിൽ പരിശീലന കേന്ദ്രം കെട്ടിടം നിർമ്മിച്ചതും , വ്യസായവികസന ഓഫീസർ മുഖേന ഉപകരണങ്ങൾ വാങ്ങിയതുമൊഴിച്ചാൽ, ഒരു സാങ്കേതിക പരിശീലന സ്ഥാപനം ആരംഭിക്കുന്നതിനുള്ള അധികാരം ബ്ലോക്ക് പഞ്ചായത്തിനുണ്ടോയെന്നുള്ള കാര്യവും , തുടർ നടത്തിപ്പ് ചെലവ്, പരിശീലനാർത്ഥികൾക്ക് പരിശീലനം കഴിഞ്ഞ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ സാധുത തുടങ്ങിയ യാതൊരു കാര്യവും അധികൃർ പരിഗണിച്ച് കാണുന്നില്ല.

3) പരിശീലനത്തിനായി മേൽപ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകളും, മറ്റ് ഉപകരണങ്ങളും ഫർണിച്ചറുകളും പാക്കറ്റുകൾ പോലും കളയാതെ മാർക്കറ്റ് കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. നിർവ്വഹണ ഉദ്യോഗസ്ഥനോ ബ്ലോക്ക് പഞ്ചായത്ത് അധികൃതരോ ഇവ സ്റ്റോക്കിലെടുത്തിട്ടില്ല. ഇവ എത്തിച്ചിട്ട് നിലവിൽ ആറുമാസത്തോളമായിട്ടുണ്ട്. നാളിതുവരെയായിട്ടും പ്രസ്തുത സാധനങ്ങൾ ഏറ്റെടുക്കുവാനോ പ്രവർത്തന സജ്ജമാക്കുവാനോ അധികൃതർക്ക് സാധിച്ചിട്ടില്ല.

ഇക്കാര്യങ്ങൾ ഓഡിറ്റ് എൻക്വയറി നം.9 തിയതി 28-9-2016 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിക്കുകയുണ്ടായി ആയതിന് 29-9-2016 ന് നൽകിയ മറുപടിയിൽ , മുൻഭരണസമിതിയുടെ കാലയളവിൽ ആവിഷ്കരിച്ച് പദ്ധതികൊണ്ട് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ പരിശീലനം നൽകി അവരെ സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുവാൻ പ്രാപ്തരാക്കുവാൻ ലക്ഷ്യമിട്ടിരുന്നുവെന്നും , പരിശീലനാർത്ഥികളിൽ നിന്നും പ്രതിഫലം വാങ്ങി പരിശീലനച്ചെലവ് വഹിക്കുവാനും , അയതിനുള്ള നടപടികൾ ആരംഭിച്ചിരുന്നുവെന്നും സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിലാണ് ഉപകരണങ്ങൾ സ്ഥാപിക്കാതിരുന്നതെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

പരിശീലന പദ്ധതികൾ ഏറ്റെടുക്കുന്നതിനും , നടപ്പിലാക്കുന്നതിനും മേൽ ഖണ്ഡിക 1 ൽ പരാമർശിച്ച പ്രകാരമുള്ള നിയന്ത്രണങ്ങൾ നിലവിലുള്ളതിനാൽ നിലവിലെ സ്ഥിതിയിൽ പദ്ധതി മുന്നോട്ട് കൊണ്ടുപോകുവാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിക്കുകയില്ല. പരിശീലന കേന്ദ്രത്തിനായി ഏകദേശം നല്പത്തെട്ട് ലക്ഷം രൂപയും (ഈ റിപ്പോർട്ടിലെ ഖണ്ഡിക3-7 കാണുക) , ഉപകരണങ്ങൾ വാങ്ങുന്നതിനായി ഒമ്പത് ലക്ഷം രൂപയും ഇതുവരെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച സാഹാചര്യത്തിൽ പദ്ധതിയുടെ ഭാവിയെക്കുറിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്. ചെറുകിടവ്യവസായ സംരഭങ്ങളുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പല പദ്ധതികളും വേണ്ടത്ര വിജയിക്കാത്ത സാഹചര്യം കൂടി ഇത്തരുണത്തിൽ കണക്കിലെടുക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിപ്രകാരം സൃഷ്ടിച്ച ആസ്തി പ്രയോജനപ്പെടുത്തുന്നതിനായി ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി, സർക്കാർ അനുമതിയോടുകൂടി പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനെയോ , അല്ലെങ്കിൽ ഇത്തരം പരിശീലനം നടത്തുന്ന മറ്റ് സർക്കാർ സ്ഥാപനങ്ങളെയോ ഏൽപ്പിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി തലത്തിൽ ആയതിനുള്ള നടപടികൾ എത്രയും വേഗം ആരംഭിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. കൂടാതെ ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ളവയാണെന്നും, ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നവയാണെന്നും ഉറപ്പാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാരിൽനിന്നുമുള്ള തീരുമാനം ലഭ്യമാകുന്നതുവരെ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 9,02,578 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി (HADA) - പഴവർഗ്ഗ പച്ചക്കറി വികസപദ്ധതി -നടപടിക്രമങ്ങളിൽ ഗുരുതര വീഴ്ച -മറ്റ് അപാകതകൾ

സംസ്ഥാനത്തെ തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്തുകളിൽ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി (HADA)മുഖേന 2012-13 വർഷം പ്രത്യേക പഴവർഗ്ഗ -പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ GO (MS) No 10/13 plg Dt. 16.2.2013 പ്രകാരം അനുമതി നൽകുകയുണ്ടായി . തൻവർഷം പദ്ധതി നടപ്പാക്കുവാൻ സാധിക്കാത്തതിനാൽ 2013-14 വർഷം പദ്ധതി നടപ്പാക്കുവാൻ GO (MS) No 1/14 plg Dt. 1.1.2014 പ്രകാരം പുതുക്കിയ അനുമതി സംസ്ഥാന സർക്കാർ നൽകുകയുമുണ്ടായി .പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖ 10-12-2015 ലെ സ.ഉ.(എം.എസ്.45/15-പ്ലാനിങ്ങ് ഉത്തരവ് പ്രകാരം സർക്കാർ പരിഷ്കരിച്ചിട്ടുമുണ്ട്. പദ്ധതിപ്രകാരം ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി പദ്ധതി നടപ്പാക്കുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് 26 ലക്ഷം രൂപ വീതം അനുവദിക്കുകയും , കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിനുള്ള വിഹിതം 26 ലക്ഷം രൂപ 7-2-2014 ന് ബ്ലോക്ക് പഞ്ചായത്തിൽ ലഭിക്കുകയുമുണ്ടായി. പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 26 ലക്ഷം രൂപ ഹാഡ വിഹിതവും 10 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പടെ 36 ലക്ഷം രൂപയുടെ പ്രൊജക്ട് റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ 12-5-2014 ന് ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കുകയും , കാസറഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർ ആയതിന് 7-7-14 നം , ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി 16-7-2014 നം , ജില്ലാ ആസൂത്രണ സമിതി 14-8-2014 ന് പദ്ധതിയ്ക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | ഹാഡ വിഹിതം | ഗുണവിഹിതം | ആകെ |
|---|---|---|---|---|
| പച്ചക്കറി തൈകൾ വിതരണം | 15,000കിറ്റ് | 8,00,000 | - | 8,00,000 |
| പഴവർഗ്ഗ നടീൽ വസ്തുക്കൾ വിതരണം | 15,000 കിറ്റ് | 7,00,000 | 7,00,000 | 14,00,000 |
| ഉൽപാദനോപാദികളുടെ സംഭരണ വിതരണ കേന്ദ്രം, അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ | 1എണ്ണം | 6,00,000 | - | 6,00,000 |
| സംരക്ഷിത കൃഷി | 3എണ്ണം | 3,00,000 | 3,00,000 | 6,00,000 |
| ബ്ലോക്ക് തല പച്ചക്കറി നഴ്സറി | 1എണ്ണം | 2,00,000 | - | 2,00,000 |
| | | 26,00,000 | 6,00,000 | 36,00,000 |

പദ്ധതി നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ റിക്വിസിഷൻ പ്രകാരം 2014-15, 2015-16 വർഷങ്ങളിലായി 15 ലക്ഷം രൂപ ചുവടെ ചേർത്ത പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ചെക്ക്.നം 2315292 തിയതി .31-12-2014 | ₹ 4,10,000 |
| 2 | ചെക്ക് നം 1581072തിയതി. 30-5-2015 | ₹ 10,90,000 |
| | ആകെ | ₹ 15,00,000 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി പ്രകാരം പഴവർഗ്ഗ -പച്ചക്കറി നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനു വേണ്ടി പടന്നക്കാട് കാർഷിക കോളേജിൽ നിന്നും ലഭിച്ച ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 4,10,000 രൂപ മേൽ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് അനുവദിക്കുകയുണ്ടായി. നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ രേഖകളോടൊപ്പം കാർഷിക കോളേജിൽ നിന്നുമുള്ള കൈപ്പറ്റ് രസീത് സൂക്ഷിച്ചിട്ടുണ്ട് . ആയതിൽ പദ്ധതി പ്രകാരം ലഭ്യമാക്കേണ്ട (to be supplied) തൈകളുടെ വിലയിനത്തിൽ ചെക്ക്.നം 901577/ 13-1-15 പ്രകാരം 4,10,000 രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൈകൾ കാർഷികകോളേജിൽ നിന്നും ഏതൊക്കെ തിയതികളിൽ വിതരണം ചെയ്തുവെന്നത് സംവന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല . കൂടാതെ കാർഷിക കോളേജിൽ നിന്നും നടീൽ വസ്തുക്കൾ ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കർഷകരുടെ ചില കൈപ്പറ്റ് രസീതുകൾ ഫയലിലുണ്ടെങ്കിലും കർഷകർക്ക് ഇവ എന്നാണ് നൽകിയതെന്നും വ്യക്തമല്ല. കാർഷിക കോളേജിൽ നിന്നും ലഭിച്ച ഇൻവോയ്സ് പ്രകാരം വിവധയിനങ്ങളിലായി 24,000 തൈകളാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഹാജരാക്കിയ കൈപ്പറ്റ് വിവരങ്ങൾ മേൽകണക്കുമായി പൊരുത്തപ്പെടുന്നില്ല. ഇതു മൂലം ഫലവൃക്ഷ -പച്ചക്കറി തൈകളുടെ വിതരണത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2) മേൽ പരാമർശിച്ച 4,10,000 രൂപയുടെ ഇൻവോയ്സിൽ 2,10,000 രൂപയുടെ ഫലവൃക്ഷത്തൈകളുടെ വിവരങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. തുക ചെലവഴിച്ച കാലയളവിൽ നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ പ്രകാരം ഫലവൃക്ഷത്തൈകൾക്ക് 50% ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടിയിരുന്നു. എന്നാൽ പദ്ധതി മാർഗ്ഗരേഖപ്രകാരം ഈടാക്കേണ്ടിയിരുന്ന ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ ചെലവ് കൂടാതെ , പെരിയ അഗ്രോസർവ്വീസ് സെന്ററിൽ നിന്നുമുള്ള 52,000 രൂപയുടെ ഫലവൃക്ഷത്തൈകൾ വാങ്ങിയതിന്റെ ഒരു ഇൻവോയ്സും സൂക്ഷിച്ചിട്ടുണ്ട് ( 7-01-2016ലെ നം. ascp/s/48/2015-16 ). എന്നാൽ ഈ തുകയുടെ സ്രോതസ്സ് സംബന്ധിച്ചും തുക അഗ്രോസർവ്വീസ് സെന്ററിന് നൽകിയത് ഏത് മാർഗ്ഗേനയാണെന്നും (രസീതിൽ ക്യാഷാണോ ഡി.ഡി മുഖേനയായാണോയെന്നും സൂചിപ്പിച്ചിട്ടില്ല ) വ്യക്തമല്ല. ഈ സാഹചര്യത്തിൽ അഗ്രോ സർവ്വീസ് സെന്റർ മേൽപ്രകാരം നൽകിയ ഇൻവോയ്സിന്റെ നിജസ്ഥിതിയും സാധുതയും സംബന്ധിച്ച് കൃഷിവകുപ്പ് ജില്ലാ അധികാരിയിൽ നിന്നുമുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ പദ്ധതിപ്രകാരം തൈകൾ ലഭ്യമായതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ , പദ്ധതിപ്രകാരമുള്ള ഗുണഭോക്തൃവിഹിതം ശേഖരിച്ചതിന്റെ വിശദാംശങ്ങൾ, തൈകൾ ലഭ്യമായ തിയതി , വിതരണം ചെയ്ത തിയതി, എന്നിവ സംബന്ധിച്ച വിശദാംശങ്ങളും തൈകൾ വിതരണം ചെയ്തതിന്റെ കൃത്യമായ കൈപ്പറ്റ് രസീതികളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) പച്ചക്കറി - പഴവർഗ്ഗ നടീൽ വസ്തുക്കളുടെ വിതരണത്തിനായി പദ്ധതിയിൽ വകയിരുത്തിയിരുന്ന 15 ലക്ഷം രൂപയിൽ മേൽപ്രകാരം ചെലവഴിച്ച 4.10 ലക്ഷം രൂപ കിഴിച്ച് അവശേഷിക്കുന്ന 10.90 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി ലഭ്യമാക്കണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ 21-5-2015 ലെ ഇ(2)10/14 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെടുകയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ചെക്ക്.നം.1581072/30-5-15 പ്രകാരം 10,90,000 രൂപ അനുവദിക്കുകയും ചെയ്തു. 11-6-15 ന് ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് പടന്നക്കാട് കാർഷിക കോളേജ് അസോസിയേറ്റ് ഡീനിന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കുകയുണ്ടായി എന്നാൽ പ്രസ്തുത ഡി.ഡി. ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകാതെ മൂന്നുമാസം കഴിഞ്ഞ് നിർവ്വഹണ ഉദ്യോഗസ്ഥ ഡിപ്പാർട്ട്മെന്റ് ഫണ്ട് നിക്ഷേപിക്കുന്ന ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ 16-9-15ൽ നിക്ഷേപിക്കുകയും വീണ്ടും മാസങ്ങളോളം ബാങ്ക് അക്കൗണ്ടിൽ

ചെലവഴിക്കാതെ സ്ഥിതി ചെയ്യുകയുമാണുണ്ടായത്. പദ്ധതി തുക ട്രഷറിയിൽ സൂക്ഷിക്കണമെന്ന പദ്ധതിമാർഗ്ഗനിർദ്ദേശം ലംഘിച്ച് ട്രഷറിയിൽ നിന്നും മുൻകൂട്ടി തുക പിൻവലിച്ച് ഡി.ഡിയായും, ബാങ്ക് അക്കൗണ്ടിലുമായി ഒരു വർഷത്തോളം ചെലവഴിക്കാതെ സൂക്ഷിച്ചതുമൂലം ഭാവിയിൽ ചെലവ് വരുമെന്ന കണക്കുകൂട്ടലിൽ ട്രഷറിയിൽ നിന്നും തുക പിൻവലിക്കരുതെന്ന ധനകാര്യവകുപ്പിന്റെ മാർഗ്ഗനിർദ്ദേശം (ജി.ഒ.(പി)നം.177/2006 തി.12-4-2006) ലംഘിക്കപ്പെട്ടി രിക്കുകയാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുമുണ്ടായ ഗുരുതരമായ വീഴ്ച സംബന്ധിച്ച് മറ്റ് ഏജൻസികൾ മുഖേന അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുവാൻ ബ്ലോക്ക് ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നു.

4) മേൽ ഖണ്ഡിക പ്രകാരം പഴവർഗ്ഗ- പച്ചക്കറി നടീൽ വസ്തുക്കൾക്കുടെ വിതരണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വാങ്ങിയ 10.90 ലക്ഷം രൂപ ഒരു വർഷത്തോളം ചെലവഴിക്കാതെ സൂക്ഷിച്ച ശേഷം പദ്ധതി അടങ്കലിൽ നിർദ്ദേശിച്ച മറ്റ് പ്രവർത്തികൾക്കായി മേൽ പ്രകാരം വിനിയോഗിച്ചിട്ടുണ്ട്. ആകെയുള്ള 10.90 ലക്ഷം രൂപയിൽ മേൽ പ്രകാരം 8.88 ലക്ഷം രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും ഇതിൽ ഭൂരിഭാഗവും ഈയടുത്തകാലത്താണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. പദ്ധതി ചെലവ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ഇനം | തുക | ഡിഡി നം.തിയതി | തുക നൽകിയത് |
|---|---|---|---|---|
| 1 | മഴ മറ ഷെൽട്ടർ | 1,00,000 | NEFT DT.31.5.16 | മടിക്കൈ ഫാർമ്മർ എക്സ്റ്റൻഷൻ ഓർഗ്ഗനൈസേഷൻ |
| 2 | മഴ മറ ഷെൽട്ടർ | 1,00,000 | No.10068276/ 26-9-2016 | പെരിയ കാർഷിക സേവന കേന്ദ്രം |
| 3 | ബ്ലോക്ക് തല കാർഷി നഴ്സറി | 76,700 | 671229/ 24-2-2016 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ksd |
| | | 1,23,300 | 68275/ 26-9-16 | പെരിയ കാർഷിക സേവന കേന്ദ്രം |
| 4 | മാർക്കറ്റ് സംഭരണ വിതരണ കേന്ദ്രം അടിസ്ഥാന സൗകര്യം | 3,22,911 | 68272 /8-9-16 | എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| | | 56,775 | NEFT- 7-8-16 | റെയ്ഡ്കോ KHD |
| | | 70,700 | 644953/ 7-1-16 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ksd |
| | | 6,000 | NEFT/ 30-7-16 | സൂചകാ ഫലകങ്ങൾ |
| | | 32,500 | NEFT/ 26-9-16 | ചെസ്റ്റ് കൂളർ -റെയ്ഡ്കോ |
| | ആകെ | 8,88,886 | | |

മേൽ പ്രകാരം ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത അപാകതകൾ

ശ്രദ്ധയിൽപ്പെടുകയുണ്ടായി.

(എ) പദ്ധതി മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് തല നഴ്സറി സ്ഥാപിക്കേണ്ടത് പച്ചക്കറി ക്ലസ്റ്ററുകൾ സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ബ്ലോക്കിലെ അനുയോജ്യമായ കേന്ദ്രത്തിലാണ്. എന്നാൽ ഇവിടെ കൃഷിവകുപ്പ് സ്ഥാപനമായ പെരിയ കാർഷിക സേവനകേന്ദ്രത്തിലാണ് നഴ്സറി സ്ഥാപിച്ചിരിക്കുന്നത് (മേൽ പട്ടിക ക്രമ നമ്പർ മൂന്ന് കാണുക) . മാർഗ്ഗരേഖ ലംഘിച്ച് പദ്ധതി നടപ്പാക്കിയതിന്റെ കാരണം വിശദമാക്കിയിട്ടില്ല.

(ബി) കാർഷിക നേഴ്സറി സ്ഥാപിക്കലുമായി ബന്ധപ്പെട്ട് കുഴൽക്കിണർ നിർമ്മാണത്തിന് 76,700 രൂപ ഗ്രൗണ്ട് വാട്ടർ വകുപ്പിന് നൽകിയിട്ടുണ്ട് (മേൽ പട്ടിക ക്രമ നമ്പർ മൂന്ന് കാണുക) എന്നാൽ ബന്ധപ്പെട്ട വകുപ്പ് നൽകുന്ന കംപ്ളീഷൻ റിപ്പോർട്ട് , ഫൈനൽ ബിൽ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് തല നഴ്സറി, മാർക്കറ്റ് സംഭരണ വിതരണ കേന്ദ്രം എന്നിവടങ്ങളിൽ നിർമ്മിച്ച കുഴൽകിണറുകളിൽ മോട്ടോർ സ്ഥാപിച്ചതിനും, കൂടാതെ നഴ്സറി, മഴമറ ഷെൽട്ടർ എന്നിവ സ്ഥാപിച്ചതിനും കൃഷി വകുപ്പിന്റെയോ തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ സാങ്കേതിക വിഭാഗത്തിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

(ഡി) ദിനേശ് നമ്പ്യാർ എന്ന വ്യക്തി മഴ മറ ഷെൽട്ടർ സ്ഥാപിച്ചതിനുള്ള ക്ലെയിം സ്റ്റേറ്റ് മെന്റ് പുല്ലൂർ- പെരിയ കൃഷി ഓഫീസർ ഹാജരാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. പദ്ധതി മാർഗ്ഗരേഖപ്രകാരം സ്വയം സഹായ സംഘങ്ങൾക്ക് മാത്രമേ പ്രസ്തുത ആനുകൂല്യം നൽകുവാൻ പാടുള്ളു. വ്യക്തികൾക്ക് നൽകുവാൻ പാടില്ല. പരിശോധന വേളയിൽ ഇദ്ദേഹത്തിന്റെ ക്ലെയിം പ്രകാരമുള്ള തുക നല്കിയിരുന്നില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ മേൽ പ്രകാരമുള്ള തുക നൽകേണ്ടതില്ല.

(ഇ) മേൽ പട്ടിക ക്രമ നമ്പർ നാല് പ്രകാരമുള്ള പ്രവൃത്തികൾ (മാർക്കറ്റ്സംഭരണ വിതരണ കേന്ദ്രം )നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഓഫീസിനോടനുബന്ധിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇതു മൂലം പദ്ധതി മാർഗ്ഗരേഖയിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരമുള്ള പ്രയോജനം കർഷകർക്ക് ലഭിക്കുമോയെന്ന കാര്യം പരിശോധിക്കേണ്ടതാണ്.

(എഫ്) പദ്ധതിയുടെ വിവിധ ഘടകങ്ങൾ പൂർത്തീകരിച്ചതിനുള്ള മോണിട്ടറിങ്ങ് സമിതി സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

ധനവിനിയോഗ നടപടിക്രമങ്ങളും, പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. മേൽപരാമർശിച്ച വിഷയങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ 10തി.29.9.2016 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കായി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2014-15,15-16 വർഷങ്ങളിലായി അനുവദിച്ച 15,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാത്തതിനാൽ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയിൽ നിന്നും ലഭിച്ച് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ സ്ഥിതിചെയ്യുന്ന 11ലക്ഷം രൂപയും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയും എത്രയും വേഗം ബന്ധപ്പെട്ട ഏജൻസിക്ക് തിരികെ നൽകേണ്ടതാണ്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഭരണസമിതി തലത്തിലും ബന്ധപ്പെട്ട ഭരണ വകുപ്പ് തലത്തിലും വിശദമായ അന്വേഷണത്തിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. തടസ്സം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി സമർപ്പിക്കേണ്ടതാണ്.

## 3-10 സി.എച്ച്.സി പെരിയയിൽ എക്സറേ യൂണിറ്റ് സ്ഥാപിച്ചത് - കാലതാമസം -മറ്റ് അപാകതകൾ

2014-15 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പാക്കിയ എക്സറേയൂണിറ്റ് സ്ഥാപിക്കൽ പദ്ധതി പ്രകാരം (പ്രൊ.നം 59/15 )റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് പെരിയ കമ്മ്യൂണിറ്റി സെന്ററിൽ എക്സറേ യൂണിറ്റ് സ്ഥാപിക്കുകയുണ്ടായി. എക്സറേ യൂണിറ്റിനും അനുബന്ധ സാമഗ്രികൾക്കുമായി 11.73 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. എക്സറേ യൂണിറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേനയും അനുബന്ധ സാമഗ്രികൾ ഓപ്പൺ ടെണ്ടർ മുഖേനയുമാണ് വാങ്ങിയിട്ടുള്ളത്. പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം 2015 ഏപ്രിൽ മാസം മൂന്നാമത്തെ ആഴ്ച എക്സ്റേ യൂണിറ്റും

അനുബന്ധ സാമഗ്രികളും സി.എച്ച്.സിയിൽ എത്തിച്ചിട്ടുണ്ട് , എന്നാൽ വൈദ്യുതീകരണ നടപടികൾ പൂർത്തിയാക്കി യൂണിറ്റ് സ്ഥാപിച്ച് കമ്പനി അധികൃതർ സി.എച്ച്.സിയ്ക്ക് കൈമാറ്റം ചെയ്തത് 21-6-2016 നാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം എക്സ്റേ യൂണിറ്റിന്റെ ഉൽഘാടനം കഴിഞ്ഞ ഭരണ സമിതിയുടെ അവസാന കാലയളവിൽ തന്നെ നടത്തിയിരുന്നുവെങ്കിലും പൊതുജനങ്ങൾക്കായി പ്രവർത്തനമാരംഭിച്ചത് 2016 ജൂലൈയിൽ മാത്രമാണ്.

അതുപോലെ തന്നെ റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിൽ നിന്നുള്ള സൈറ്റ് അപ്രൂവൽ സർട്ടിഫിക്കറ്റിന്റെ കാലാവധി വിവിധ തവണകളിലായി പുതുക്കിയിട്ടുണ്ട്. എന്നാൽ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിൽ നിന്നും, ആറ്റമിക് എനർജി റെഗുലേറ്ററി ബോർഡിൽ നിന്നും ഉള്ള ലൈസൻസ് ഇതുവരെയും ലഭിച്ചിട്ടില്ലായെന്നും 22-9-2016 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 2 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാലും ടെക്നീഷ്യന്റെ നിയമനം സംബന്ധിച്ച് തീരുമാനം ആകാതെയിരുന്നതിനാലുമാണ് പ്രവർത്തനം ആരംഭിക്കുവാൻ വൈകിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ മുൻകൂട്ടി പൂർത്തീകരിച്ച ശേഷമേ യൂണിറ്റ് സ്ഥാപിക്കാവൂ എന്ന് ജില്ലാ മെഡിക്കൽ ഓഫീസർ 1-12-2014 ലെ സി1-1002/2012 നമ്പർ കത്ത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ, എക്സ്റേ യൂണിറ്റ് എത്തിച്ച ശേഷമാണ് വൈദ്യുതീകരണ നടപടികൾ ആരംഭിച്ചത്.

പ്രാഥമിക നടപടികൾ പൂർത്തീകരിക്കാതെ ഉപകരണങ്ങൾ വാങ്ങുകയും , പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ വീണ്ടും ഒരു വർഷത്തിലധികം കാലതാമസം നേരിടുകയും ചെയ്തതിന് നിർവ്വഹണ ഉദ്യോഗസ്ഥനോടൊപ്പം , ആശുപത്രി വികസന സമിതിക്കും, ബ്ലോക്ക് പഞ്ചായത്ത് തല മോണിറ്ററിങ് സമിതിക്കും തുല്യ ഉത്തരവാദിത്വമുണ്ട്. വൈകിയാണെങ്കിലും യൂണിറ്റ് പ്രവർത്തനം ആരംഭിച്ചതായും, താല്ക്കാലികാടിസ്ഥാനത്തിൽ ടെക്നീഷ്യനെ നിയമിച്ച് ആശുപത്രി വികസനസമിതി ഫണ്ടിൽ നിന്നും വേതനം നൽകുവാനും തീരുമാനിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ എല്ലാവിധ ലൈസൻസുകളും ലഭ്യമായിട്ടുണ്ടന്ന് ഉറപ്പാക്കേണ്ടതും ആയതിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

കൂടാതെ എക്സ്റേ യൂണിറ്റ് സ്ഥാപിച്ച കെട്ടിടത്തിൽ നിന്നും നീക്കം ചെയ്ത ആറ് ജനലുകൾ, ഒരു വാതിൽ എന്നിവ ലേലം ചെയ്യുന്നതിനായി വാല്യുവേഷൻ തയ്യാറാക്കിത്തരുവാൻ ബ്ലോക്ക് എഞ്ചിനിയറിങ് വിഭാഗത്തോട് മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടതായി പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച അന്വേഷണത്തിന് നൽകിയ മറുപടിയിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ ഇതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വകരിക്കേണ്ടതും ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ എക്സ്റേ യൂണിറ്റിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്താൻ ഭരണസമിതിയും ആശുപത്രി വികസനസമിതിയും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 3-11 സിഡ്കോ-യിൽ നിന്നും നേരിട്ട് കമ്പ്യൂട്ടറുകൾ വാങ്ങിയത് - പ്രൊക്യൂർമെന്റ് മാനുവലിന് വിരുദ്ധം

2015-16 വർഷം വാർഷിക പദ്ധതിയിലുൾപ്പെടുത്തി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുൾപ്പടെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികൾപ്രകാരമുള്ള കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ട്രഷറി ബിൽ.നം / തിയതി | തുക | വാങ്ങിയ ഉപകരണങ്ങൾ |
|---|---|---|---|---|---|
| 1 | സെക്രട്ടറി | ഘടകസ്ഥാപനങ്ങൾക്ക് | 38/26-3-2016 | 9,46,000/- | ഡെസ്ക് ടോപ്പ് |

| | | | | | |
|---|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് | കമ്പ്യൂട്ടർ വിതരണം<br>പ്രൊ.നം.17/16 | | | കമ്പ്യൂട്ടർ- 15<br>ജനറേറ്റർ- 1<br>ഫോട്ടോസ്റ്റാറ്റ് മെഷ്യൻ -1 etc-- |
| 2 | വ്യവസായ വികസന ഓഫീസർ | തൊഴിൽ പരിശീലന കേന്ദ്രം<br>പ്രൊ.നം.7/16 | 1/30-3-2016 | 9,02,578/- | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ- 10<br>സെർവർകമ്പ്യൂട്ടർ- 1<br>U PS 1KV -1<br>UPS 600 V- 10<br>Printer- 1<br>LCD Projector-1<br>തയ്യൽ മെഷീൻ-10<br>വിവിധയിനം സ്റ്റീൽ, മരഫർണിച്ചറുകൾ etc |
| 3 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി<br>പെരിയ | ഒ.പി.ടിക്കറ്റ് കൗണ്ടർ കമ്പ്യൂട്ടർ വല്ക്കരണം<br>പ്രൊ.നം.7/16 | 5/28-3-2016 | 3,98,565/- | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ- 4<br>U PS 2.5KV -1<br>Printer- 1<br>സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ- 3 etc-- |
| 4 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഓഫീസ് കമ്പ്യൂട്ടർ വത്കരണം<br>പ്രൊ.നം.47/15 | 15/26-3-2015<br>ch.No.1581035<br>dt.27-2-15 | 36,440/-<br>152/- | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ- 1 |

സർക്കാർ സ്ഥാപനങ്ങൾക്കും, വിവിധ വകുപ്പുകൾക്കും, സ്റ്റീൽ - മരഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ

വാങ്ങാമെന്നുള്ള സർക്കാർ ഉത്തരവ് ലഭ്യമല്ല. സർക്കാർ സ്ഥാപനങ്ങളിൽ ഐ.ടി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർമാരുടെ പാനലിൽ സിഡ്കോയെ ഉൾപ്പെടുത്തി 2011ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ.(എം.എസ്) നം 30/2011/ITD.തി 22-09-2011). എന്നാൽ ഉപകരണങ്ങളുടെ വാങ്ങൽ നടപടികൾ സംബന്ധിച്ച് ഇതിൽ പരാമർശിക്കുന്നില്ല. ആയതിനാൽ ഇക്കര്യം പരിശോധിച്ച് സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും, വാങ്ങാമെന്നുള്ള സർക്കാർ ഉത്തരവ് ലഭ്യമെങ്കിൽ ആയതിന്റെ പകർപ്പ്, സർക്കാർ അംഗീകൃത പ്രൈസ് ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-12 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലായി വിവിധ പദ്ധതികൾനടപ്പിലാക്കുന്നതിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി 71,77,041 രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ 71,77,041രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ട്രഷറി ബിൽ.നം / തിയതി | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | ക്ഷീര വികസന ഓഫീസർ | ക്ഷീര സംഘങ്ങൾ മുഖേന കാലിത്തീറ്റ വിതരണം<br>പ്രൊ.നം.37/15 | 1/27-11-2014 | 6,00,000 | സെക്രട്ടറി മടിക്കൈ ഗ്രാമ പഞ്ചായത്ത് |
| 2 | ശിശു പദ്ധതി വികസന ഓഫീസർ | എൻ.പി.ആർ പി.ഡി പദ്ധതി വിഹിതം<br>പ്രൊ.നം. 7/15 | 1/17-10-2014 | 8,95,734 | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |
| 3 | ശിശു പദ്ധതി വികസന ഓഫീസർ | എൻ.പി.ആർ പി.ഡി പദ്ധതി വിഹിതം<br>പ്രൊ.നം. 19/16 | 1/30-9-2015 | 9,75,307 | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |
| 4 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി വിഹിതം പ്രൊ.നം. 75/16 | 25/16-3-2016 | 4,00,000 | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |

| | | | | | |
|---|---|---|---|---|---|
| 5 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ ആശുപത്രി ഡയാലിസിസ് യൂണിറ്റ് പ്രൊ.നം. 79/16 | 20/16-3-2016 | 2,00,000 | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |
| 6 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം പ്രൊ.നം. 79/16 | 20/16-3-2016 | 2,00,000 | സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയത്. |
| 7 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിലെ അംഗനവാടികളുടെ നിർമ്മാണം . ഫൈനൽ ബിൽ തുക നബാർഡ് വിഹിതം | ചെക്ക് നം. 5106461/ dt./29-3-2016 | 3.90,6000 | സെക്രട്ടറി പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത് |
| | | | 2014-15 | 14,95,734 | |
| | | | 2015-16 | 56,81,307 | |
| | | | ആകെ | 71,77,041 | |

## 3-13 ഐ.എ.വൈ ഭവന പദ്ധതി - പൂർത്തീകരിക്കാനവശേഷിക്കുന്നത് നിരവധി വീടുകൾ

ഐ.എ.വൈ ഭവന പദ്ധതി പൂർത്തീകരണം സംബന്ധിച്ച് അധികൃതർ പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2014-15ലും 2015-16 ലുമായി നിർമ്മാണം ആരംഭിച്ച നിരവധി വീടുകൾ ഇനിയും പൂർത്തീകരിക്കുവാനുണ്ട്. 2014-15 ൽ നിർമ്മാണമാരംഭിച്ചവയിൽ 59 എണ്ണം ഇനിയും പൂർത്തീകരിച്ചിട്ടില്ല . ഇതിൽ ആറ് ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയതല്ലാതെ നിർമ്മാണപ്രവർത്തികളൊന്നും തന്നെ ആരംഭിച്ചിട്ടില്ല. കൂടാതെ 84 ഗുണഭോക്താക്കൾ മേൽക്കൂര പൂർത്തീകരിച്ചതായി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇവരെല്ലാം തന്നെ വിവിധ ഗഡുക്കൾ കൈപ്പറ്റാനുമുണ്ട്. ഇതുപോലെ തന്നെ 2015-16 നിർമ്മാണമാരംഭിച്ചവയിൽ 146 എണ്ണം പൂർത്തീകരിച്ചിട്ടില്ല .ഇവയിൽ 26 ഗുണഭോക്താക്കൾ ആദ്യഗഡുക്കൾ മാത്രമാണ് നാളിതുവരെ കൈപ്പറ്റിയിട്ടുള്ളത്. കൂടാതെ 45 ഗുണഭോക്താക്കൾ മേൽക്കൂര പൂർത്തീകരിച്ചതായി സൂചിപ്പിക്കുന്നുണ്ടെങ്കിലും ഇവരും വിവിധ ഗഡുക്കൾ കൈപ്പറ്റാനുണ്ട്. 2014-15ലും 2015-16 ലുമായി ആദ്യഗഡു കൈപ്പറ്റിയശേഷം നാളിതുവരെ വീട് നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു. ഇനിയും തുടർപ്രവർത്തനങ്ങൾ ആരംഭിക്കാത്തവരിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ.നം | വർഷം | ഗുണഭോക്താവിന്റെ പേര് | വിഭാഗം | പഞ്ചായത്ത് | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | 2014-15 | കാർത്ത്യായനി ബോളൻ | എസ്.ടി | മടിക്കൈ | 17,500 |
| 2 | ,, | ഉമ്പിച്ചി ചന്തൻ | ,, | ,, | ,, |

| | | | | | |
|---|---|---|---|---|---|
| 3 | ,, | മീനാക്ഷി കല്ലളൻ | ,, | ,, | ,, |
| 4 | ,, | ആയിഷ അബ്ദുള്ള | ന്യൂനപക്ഷം | ,, | ,, |
| 5 | ,, | ലീല മാധവൻ | എസ്.ടി | പുല്ലൂർ പെരിയ | ,, |
| 6 | ,, | രാധ നാരായണൻ | ജനറൽ | ,, | ,, |
| 7 | 2015-16 | ലക്ഷ്മി ശിശുപാലൻ | എസ്.സി | അജാനൂർ | ,, |
| 8 | ,, | ആശാ സജേഷ് | ,, | ,, | ,, |
| 9 | ,, | ശാരദാ രാഘവൻ | ,, | ,, | ,, |
| 10 | ,, | ജസി ജോസഫ് | ന്യൂനപക്ഷം | ,, | ,, |
| 11 | ,, | ഷരീഫ സുബൈർ | ,, | ,, | ,, |
| 12 | ,, | റംലത്ത് ബഷീർ | ,, | ,, | ,, |
| 13 | ,, | ശിൽപ മനോജ് | എസ്.സി | മടിക്കൈ | ,, |
| 14 | ,, | ഉണ്ടച്ചി ചെനിയൻ | എസ്.ടി | ,, | ,, |
| 15 | ,, | സുമയ്യ കുഞ്ഞഹമ്മദ് | ന്യൂനപക്ഷം | ,, | ,, |
| 16 | ,, | സതി രവീന്ദ്രൻ | ജനറൽ | ,, | ,, |
| 17 | ,, | സ്മിത രവീന്ദ്രൻ | എസ്.സി | ഉദുമ | ,, |
| 18 | ,, | താഹിറ മുനീർ | ന്യൂനപക്ഷം | ,, | ,, |
| 19 | ,, | അസ്മാബി.മുനീർ | ,, | ,, | ,, |
| 20 | ,, | ചെനിയറു നാര്യമ്പാടി | എസ്.ടി | പുല്ലൂർ പെരിയ | ,, |
| 21 | ,, | സുശീല ശശി | ,, | ,, | ,, |
| 22 | ,, | ശംസിയ .പി. | ന്യൂനപക്ഷം | ,, | ,, |
| 23 | ,, | നസീമ ഷംസുദ്ദീൻ | ,, | ,, | ,, |
| 24 | ,, | നിഷാന യൂസഫ് | ,, | ,, | ,, |
| 25 | ,, | ആയിഷ സൈനുദ്ദീൻ | ,, | പള്ളിക്കര | ,, |
| 26 | ,, | ലൈല മൊയ്തു | ,, | ,, | ,, |
| 27 | ,, | സുബൈദ ഭസ്തക്കി | ,, | ,, | ,, |
| 28 | ,, | മറിയക്കുഞ്ഞി അബ്ബാസ് | ,, | ,, | ,, |
| 29 | ,, | റുഖിയ മുസ്തഫ | ,, | ,, | ,, |
| 30 | ,, | ആമിന | ,, | ,, | ,, |
| 31 | ,, | റഹമത്ത് മുഹമ്മദ് യൂസഫ് | ,, | ,, | ,, |
| 32 | ,, | താഹിറ ഹമീദ് | ,, | ,, | ,, |

## 3-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - അപാകതകൾ

2015-16 സാമ്പത്തിക വർഷം പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ 10, 11 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം എന്ന പദ്ധതിയ്ക്കായി (പ്രൊ.നം 28/16) വികസനഫണ്ടിൽ നിന്നും 2,84,250 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസക്കാരായ 75 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യുവാനാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1)പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസക്കാരനല്ലാത്ത രാഗേഷ് സി.എച്ച്. എന്നവിദ്യാർത്ഥിക്ക് ഫർണിച്ചർ നൽകിയിട്ടുണ്ട്. ഉദുമ GHSS പ്രധാനദ്ധ്യാപകൻ നൽകിയരേഖകൾ പ്രകാരം പ്രസ്തുത വിദ്യാർത്ഥി കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ചെമ്മനാട് പഞ്ചായത്തിലാണ് സ്ഥിരതാമസം . എന്നാൽ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ, ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ നിന്നോ മേൽ വിദ്യാർത്ഥിക്ക് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. ഇത്തരത്തിൽ ഇരട്ടിപ്പ് സംഭവിക്കാതിരിക്കുവാൻ പദ്ധതി നടത്തിപ്പിൽ വേണ്ടത്ര മുൻകരുതലുകൾ എടുക്കേണ്ടതാണ് .കൂടാതെ മേൽ വിദ്യാർത്ഥിക്ക് കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ, ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2) പദ്ധതി പ്രകാരം 75 വിദ്യാർത്ഥികൾക്കാണ് ഫർണിച്ചർ വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ 70 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത് . അവശേഷിച്ച ഫർണിച്ചർ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് ബന്ധപ്പെട്ട സ്കൂൾ പ്രധാനദ്ധ്യാപകന്റെ സാക്ഷ്യപത്രം സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പള്ളിക്കര ഗ്രാമ പഞ്ചായത്ത് | 2015-16 | 5,00,000 | കാഞ്ഞങ്ങാട് ഐ.സി.ഡി.എസ് (അഡീഷണൽ) കെട്ടിട നിർമ്മാണം | ഇല്ല | 5,00,000 |

വിവിധപദ്ധതികൾക്കായി മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിന്നും ലഭിച്ച് ചെലവഴിക്കുവാനവശേഷിക്കുന്ന തുക വിനിയോഗിക്കുവാൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം (2015-16) വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക (31-3-16) |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| I AY ഭവന പദ്ധതി | സ.ഉ (എം.എസ്) നം 90/13 തസ്വഭവ തി. 14-03-2013 | 50,00,000 (പനയാൽ SCB) | 50,00,000 | 16,05,839 | 13,26,113 | 33,94,161 |
| I AY ഭവന പദ്ധതി | സ.ഉ (എം.എസ്) നം 90/13 തസ്വഭവ തി. 14-03-2013 | 31,00,000 (പള്ളിക്കര SCB) | 31,00,000 | 6,20,000 | 7,58,270 | 24,80,000 |
| | ആകെ | 81,00,000 | 81,00,000 | 22,25,839 | 20,84,3834 | 58,74,161 |

## **4-5** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## **4-6** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ വരവില്ല.

## **4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 33 (എ) | 1999-2000 | - | മരാമത്ത് പണികൾക്ക് മുൻകൂർ നൽകിയത് | ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് സമർപ്പിച്ചിട്ടുണ്ട്. അന്തിമ മറുപടി ലഭ്യമായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 1997-98 | 33 (ബി) | 1999-2000 | - | മറ്റ് വകുപ്പുകളിൽ തുക നിക്ഷേപിച്ചത് | റിപ്പോർട്ട് സമർപ്പി ച്ചിട്ടുണ്ട്. അന്തിമ മറുപടി ലഭിച്ചിട്ടില്ല |
| 2009-10 | - | 2012-13 | 3-3-6 | പെരിയ സി.എച്ച്.സി യിൽ നിർമ്മിച്ച മാതൃ ശിശു വാർഡ് പ്രയോജ നപ്പെടുത്തുന്നില്ല | മാതൃ ശിശു വാർഡ് ഇപ്പോൾ പ്രയോജന പ്പെടുത്തിയിട്ടുണ്ട്. സർ ക്കാരിലേയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| ഓഡിറ്റ് വർഷം | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,96,76,000 | 10,08,95,746 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,23,95,287 | 10,76,13,122 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | 12,500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,851 | 12,465 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,17,155 | 84,68,146 |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | ₹ 12,500/- | | ശ്രീ. വത്സൻ. പി.പി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-1 | - | ₹4,510 | പത്മാധരൻ .എൻ .സെക്രട്ടറി |
| 3-4 | - | ₹ 13,851/- | ശ്രീ. വിദ്യാധരൻ. കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-7 | - | ₹ 7,955/- | ശ്രീ. ധർമ്മകീർത്തി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | ₹ 12,500/- | ₹26,316 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 11,421 | ശ്രീ.സുരേന്ദ്രൻ.യു.കെ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 3-3 | ₹ 5,95,765/- | ശ്രീ. വത്സൻ. പി.പി,അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | ₹ 1,98,496/- | ശ്രീ. വത്സൻ. പി.പി,അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8 | ₹9,02,578 | ശ്രീ.അനുരാജ് വ്യവസായ വികസന ഓഫീസർ |
| 3-9 | ₹15,00,000 | ശ്രീമതി. സജിനിമോൾ. കെ അസിസ്റ്റന്റ് ഡയറക്ടർ അഗ്രിക്കൾച്ചർ |
| 3-12 | ₹71,77,041 | ₹ 6,00,000 -ശ്രീമതി.ആയിഷ.സി.എച്ച് . ക്ഷീരവികസന ഓഫീസർ |
| | | ₹8,95,734 -ശ്രീമതി. മേഴ്സി മാത്യു( സി.ഡി.പി.ഒ) |
| | | ₹9,75,307 -ശ്രീമതി. സുമ.ടി.എൻ ( സി.ഡി.പി.ഒ) |
| | | ₹ 47,06,000 -ശ്രീ. സുരേഷ് കുമാർ .വി. സെക്രട്ടറി |
| ആകെ | ₹1,03,85,301 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(ii) | ₹ 5,957/- | ശ്രീ. വത്സൻ. പി.പി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഖണ്ഡിക -3(9)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വത്സൻ. പി.പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്. | നിയർ മഹാവിഷ്ണു ടെമ്പിൾ, പള്ളിക്കുന്ന്, കണ്ണൂർ. |

| | | |
|---|---|---|
| ശ്രീ. വിദ്യാധരൻ. കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, ചെറുതാഴം ഗ്രാമ പഞ്ചായത്ത്. | ചരുവക്കം, വടക്കമ്പാട്, കൃഷ്ണപ്പിള്ള ക്ലബിലു സമീപം,കൊവ്വൽ, ചെറുവത്തൂർ (പി,ഒ), കാസറഗോഡ്-671 313. |
| ശ്രീ. ധർമ്മകീർത്തി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്. | ഹൗസ് നം3/229 എ, പിനാക്കൽ ഹൗസ്, കട്ടമുട്ടം റോഡ്, ചെമ്പുമുക്ക, കാക്കനാട്, എറണാകുളം-30 |
| പത്മാധരൻ.എൻ , സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | വിരമിച്ച | നാരായണ വിലാസം , പാവുമ്പ, പി.ഒ പാവുമ്പ നോർത്ത്, കരുനാഗപ്പള്ളി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/594/15(2) തീയ്യതി 16-9-15 | 4 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 6/594/15(3) തീയ്യതി 16-9-15 | 1 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 6/594/15(4) തീയ്യതി 16-9-15 | 4 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 6/594/15(5) തീയ്യതി 16-9-15 | 7 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 6/594/15(6) തീയ്യതി 16-9-15 | 3 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 6/594/15(7) തീയ്യതി 16-9-15 | 2 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 6/594/15(8) തീയ്യതി 16-9-15 | 5 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 6/594/15(9) തീയ്യതി 16-9-15 | 2 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 6/594/15(10) തീയ്യതി 16-9-15 | 2 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 6/594/15(11) തീയ്യതി 16-9-15 | 1 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 6/594/15(12) തീയ്യതി 16-9-15 | 2 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി 6/594/15(13) തീയ്യതി 16-9-15 | 5 |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.കെ.എസ്.ഡി 6/564/15 (14) തീയ്യതി 16-9-15 | 6 |
| 2010-11 to 2012-13 | എൽ.എഫ്.കെ.എസ്.ഡി 6/109/2015 തീയ്യതി 13-02-2015 | 6 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി 8/1030/2015 തീയ്യതി 5-11-2015 | 8 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്

കാസറഗോഡ്.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി8 / 1031/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

തീയതി.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 വർഷങ്ങളിലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൻറെ 2014-15, 2015-16- വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകൾ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

No. KSA -KSD 8/1031/16

Kerala State Audit Department

District Audit Office,Kasaragod

Phone: 0499-4256690

Dated:---------

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kanhangad Block Panchayat in Kasaragod District for the year ended on 31.03.2015 & 31-03-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kanhangad Block Panchayat for the year 2014-15 & 2015-16 except the observations in my Audit Report , properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

District Audit Office, Kasaragod